(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ എസ്. എ/ റ്റി. വി. എം/ ജി. പി. 6/2196 /2016

കേരള സംസ്ഥാന
ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം
തീയതി 28.12.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചിറയിൻകീഴ് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് - 2015-16സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം
3)കാര്യാലയ പകർപ്പ്
4) സ്പെയർ

എസ് എ റ്റി വി എം / ജി പി 06/2196/2016 തീയതി 28.12.2016

തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ2015-16സാമ്പത്തിക വർഷത്തെ

ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 30.6.2016 മുതൽ 11.11.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 43 എൻക്വയറി നൽകിയതിൽ 42 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ജമാലുദ്ദീൻ .എ,<br>ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 26.11.2016 മുതൽ 7.12.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ജോൺ മനോഹർ.എ,<br>ഓഡിറ്റ് ഓഫീസർ<br>ശ്രീ. പ്രേംനാഥ് ജി.കെ.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. ദീപേഷ് സി.ഡി. ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ് : ശ്രീ. ആർ.സുഭാഷ് (01.04.2015 മുതൽ 31.10.2015 വരെ )
ശ്രീമതി. ഡീന .എസ്. (01.11.2015 മുതൽ 31.03.2016വരെ)

സെക്രട്ടറി : ശ്രീ. റ്റി.രാധാകൃഷ്ണൻ ( 01.04.2015 മുതൽ 31.05.2015 വരെ)
ശ്രീ. സുപിൻ.പി ( 01.06.2015 മുതൽ 24.07.2015 വരെ)
ശ്രീ.സുബാഷ് ചന്ദ്രൻ (25.07.2015 മുതൽ 31.03.2016)

| തസ്തിക | പേര് | കാലയളവ് | സ്ഥിര മേൽ വിലാസം |
|---|---|---|---|
| അസിസ്റ്റന്റ് എൻജിനീയർ (എൽ.എസ്.ജി.ഡി ) | ശ്രീമതി കല്യാണിക്കുട്ടി | 1.4.2015 മുതൽ 21.5.2015 വരെ | സാഫല്യം,റ്റി.സി. 76/1399(1), കടകംപള്ളി റോഡ്, ആനയറ പി.ഓ, തിരുവനന്തപുരം |
| അസിസ്റ്റന്റ് എൻജിനീയർ (എൽ.എസ്.ജി.ഡി ) | ശ്രീമതി റീന | 22.5.2015 മുതൽ 31.3.2016 വരെ | ക്വാർട്ടേഴ്സ് നം. 140, സെക്ടർ ബി, ടൈപ്പ് (II) ന്യൂ ജീ.സി . സി.ആർ.പി.എഫ് , പള്ളിപ്പുറം ,തിരുവനന്തപുരം |
| അഗ്രിക്കൾച്ചറൽ ഓഫീസർ | ശ്രീ. അനിൽ കുമാർ | 01.04.2015 മുതൽ 31.03.2015 വരെ | |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ. പ്രദീപ് കുമാർ | | ശ്രീവൽസം,കെ - 9 ,കൈലാസ് നഗർ, പട്ടം - തിരുവനന്തപുരം |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. കൃഷ്ണേന്ദു | 01.04.2015 മുതൽ 31.03.2016 വരെ | ഇന്ദീവരം, മേലാറ്റിങ്ങൽ റോഡ് പൂവൻപാറ ,ആലംകോട് പി.ഓ |
| മെഡിക്കൽ ഓഫീസർ | ഡോ. സിമി ദിവാൻ | 01.04.2015 മുതൽ | നന്ദനം, സി.ആർ.പി.എൻ 38 പാങ്ങപ്പാറ പി.ഒ. ന്യൂ |

| | | | |
|---|---|---|---|
| (ആയുർവേദം) | | 31.03.2016 വരെ | എൻജിനീയറിംഗ് കോളേജ് , തിരുവനന്തപുരം. |
| ഫിഷറീസ് ഓഫീസർ | ശ്രീ. വിഷ്ണു | 01.04.2015 മുതൽ 05.05.2015 വരെ | |
| ഫിഷറീസ് ഓഫീസർ | ശ്രീ. സുരേഷ് | 06.05.2015 മുതൽ 31.03.2016 വരെ | |
| വെറ്ററിനറി സർജൻ | ഡോ. വി.സിന്ധു | 01.04.2015 മുതൽ 31.03.2016 വരെ | നാരായണീയം, ടി.സി. 9/സി 49 -1 ഒ.ഡി.-സ്ട്രീറ്റ്,കവടിയാർ, ജവഹർ നഗർ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ. സുസ്മിത | | ജയലക്ഷ്മി, കുഴിവിള |
| ഹെഡ്മാസ്റ്റർ (പാലവിള) | ശ്രീ. ഗോപകുമാർ | 01.04.2015 മുതൽ 31.03.2016 വരെ | ശ്രീരാഗം, ഊരു പൊയ്ക പി.ഒ, കിഴവിലം |
| വി.ഇ.ഒ | ശ്രീ. ബിനപ്രസാദ് | 01.04.2015 മുതൽ 31.03.2016 വരെ | |
| ലേഡി വി.ഇ.ഒ | ശ്രീമതി ആശാ രാജ് | 01.04.2015 മുതൽ 31.03.2016 വരെ | സുജിത്ത് നിവാസ് ,വലിയകുന്ന് പി.ഒ കിഴവിലം,ആറ്റിങ്ങൽ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി രമാദേവി ബി | 01.04.2015 മുതൽ 16.12.2015 വരെ | കൃഷ്ണവിലാസം,പനങ്ങോട് ,വെങ്ങാനൂർ പി.ഒ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി സജിത | 17.12.2015 മുതൽ 31.03.16 | |

| ക്രമ നം. | | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| | ഭാഗം 1 | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷികധനകാര്യപത്രിക | 1-2 | |
| 3 | വാർഷികധനകാര്യപത്രികപരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനതുവരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | മിനിറ്റ് ബുക്ക്സ് അപാകത സംബന്ധിച്ച് | 2-1 | |
| 13 | ലക്ഷ്മിപുരം, ശാന്തിപുരം ഷോപ്പിംഗ് കോംപ്ലക്സുകൾ - വാടക കൃത്യമായി പിരിച്ചെടുക്കുന്നില്ല. | 2-2 | |
| 14 | പഞ്ചായത്ത് പരിധിയിലെ മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല | 2-3 | |
| 15 | മൂല്യവർദ്ധിത നികുതി അടവാക്കാത്തത് സംബന്ധിച്ച് | 2-4 | |
| 16 | ഇ -ടെണ്ടർ മുഖേനയുള്ള പ്രവൃത്തികൾ - ഫോറം വിലയും മൂല്യവർദ്ധിത നികുതിയും പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല -നടപടികൾ ത്വരിതപ്പെടുത്തണം | 2-5 | |
| 17 | തൊഴിൽ നികുതി ഈടാക്കുന്നതിന് ഊർജ്ജിത നടപടികൾ അനിവാര്യം: | 2-6 | |
| 18 | ഡി&ഓ ലൈസൻസ് നൽകിയതിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല | 2-7 | |

| | | | |
|---|---|---|---|
| | | | |
| 19 | വാർഷിക ധനകാര്യ പത്രിക, എസ്.എഫ്.സി. പത്രിക എന്നിവയിലെ അപാകതകൾ | 2-8 | |
| | ഭാഗം 3 | | |
| 20 | ട്രൈ സ്കൂട്ടർ വാങ്ങി നൽകൽ - കരാറിൽ ഏർപ്പെടാതെ അധിക തുക നൽകി | 3-1 | |
| 21 | തെരുവ് വിളക്കുകളുടെ പരിപാലനം - അധിക തുക നൽകി | 3-2 | |
| 22 | കടത്ത് സർവ്വീസ് - ഫലപ്രദമായി പ്രവർത്തിക്കുന്നില്ല | 3-3 | |
| 23 | സബ്സിഡി മാർഗ്ഗരേഖ പാലിക്കാതെ ഗുണഭോക്താക്കൾക്ക് നേരിട്ട് സബ്സിഡി നൽകി. | 3-4 | |
| 24 | വി.ഇ.ഓ നടപ്പിലാക്കിയ പദ്ധതികളുടെ രേഖകൾ ഹാജരാക്കിയില്ല – 48,56,500/- രൂപ തടസ്സപ്പെടുത്തുന്നു. | 3-5 | |
| 25 | പാലിയേറ്റീവ് കെയർ പദ്ധതി - മാർഗ്ഗരേഖകൾ പാലിക്കണം | 3-6 | |
| 26 | തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല | 3-7 | |
| 27 | പഞ്ചായത്ത് -വാട്ടർ അതോറിറ്റി സംയുക്ത പരിശോധന നടത്തിയിട്ടില്ല | 3-8 | |
| 28 | കൃഷി ഭവൻ റൂഫിംഗ് - റൂഫിംഗ് ഷീറ്റിന്റെ കനത്തിൽ വ്യത്യാസം | 3-9 | |
| 29 | കിഴക്കേത്തിട്ട ബാലവാടി ഓട നിർമ്മാണം - രൂപ നിരാകരിക്കുന്നു. | 3-10 | |
| 30 | പെരുമാതുറ മാടൻവിള റോഡിലെ ഓടയ്ക്ക് സ്ലാബ് നിർമ്മാണം | 3-11 | |
| 31 | ഗ്രാമ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നില്ല | 3-12 | |
| 32 | അംഗൻവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് അടിന്തര ശ്രദ്ധ അനിവാര്യം. | 3-13 | |
| 33 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- അവലോകനം | 3-14 | |

| | | | |
|---|---|---|---|
| 34 | മത്സ്യതൊഴിലാളികൾക്ക് റിവോൾവിംഗ് ഫണ്ട്- ഉദ്ദേശ്യ ലക്ഷ്യങ്ങൾ പൂർണ്ണതയിലെത്തുന്നില്ല. | 3-15 | |
| 35 | പഞ്ചായത്ത് ഓഫീസിനായി പുതിയ കെട്ടിടം - ഉദ്ഘാടനം നടത്തിയിട്ടും പ്രവർത്തന സജ്ജമാക്കിയിട്ടില്ല. | 3-16 | |
| 34 | നികുതി-നികുതിയേതര വരവ് - വിഷയാധിഷ്ഠിത അവലോകനം | 3-17 | |
| | ഭാഗം 4 | | |
| 35 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 36 | ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 38 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 39 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 40 | ഓഡിറ്റ് റിക്കവറി | 4-6 | |
| 41 | സമാഹൃതഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-7 | |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ്/പുതുക്കിയ ബജറ്റ് 28.3.2015 തീയതിയിലെ ജനറൽ കമ്മിറ്റി (*I*) 1-ാം നമ്പർ തീരുമാനപ്രകാരം പാസ്സാക്കി.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| | 30.7.2016 | തിരിച്ചയച്ചിട്ടില്ല. | ബാധകമല്ല. |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 31751271.87 |
| വരവ് | 77605298.87 |
| ആകെ | 109356570.74 |
| ചെലവ് | 91960555.87 |
| നീക്കിയിരിപ്പ് | 17396014.87 |

## 1-5 ഫണ്ട് വിനിയോഗം

ആഡിറ്റിൽ ഹാജരാക്കിയ ധനകാര്യ വാർഷിക പത്രികയിൽ രേഖപ്പെടുത്തിയ വരവ് ചെലവ് തുകകൾ സ്ഥാപനത്തിൽ സൂക്ഷിച്ചിരിക്കുന്ന അക്കൗണ്ട് രേഖകളുമായി പൊരുത്തപ്പെടുന്നില്ല. ആയതിനാൽ ഫണ്ട് വിനിയോഗത്തെ സംബന്ധിച്ച വിവരം റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുവാൻ സാധിച്ചിട്ടില്ല.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 196 | 82365934 | പൂർത്തീകരിച്ചത് - 130 | 44239360 | 11 | 55 | 66.32 |

*പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പ്രധാന പദ്ധതികൾ*

*1. പാർവ്വതീപുരം ഷോപ്പിംഗ് കോംപ്ലക്സ് മെയിന്റനൻസ് (പ്രേജക്ട് നം. 173)*

*2. കടകം കൊടിയ്ക്കകം റോഡ് കടവ് മെയിന്റനൻസ് (പ്രോജക്ട് നം. 191)*

*3. വസ്തു നികുതി ഡാറ്റ എൻട്രി (പ്രോജക്ട് നം. 98)*

*4. താഴം പള്ളിക്കടവ് റോഡ് മെയിന്റനൻസ് (പ്രോജക്ട് നം. 187)*

*5. ഭവന നവീകരണം (പട്ടിക ജാതി ) (പ്രോജക്ട് നം. 95)*

*6. മംഗ്ലാവിൽക്കട ബാലവാടി ഓട മെയിന്റനൻസ് (പ്രോജക്ട് നം. 154)*

*7. കുടുംബശ്രീ യൂണിറ്റുകൾക്ക് പശുവളർത്തൽ (ജനറൽ) സബ്സിഡി (പ്രോജക്ട് നം. 112)*

*8. കുടുംബശ്രീ യൂണിറ്റുകൾക്ക് പശുവളർത്തൽ (പട്ടികജാതി) സബ്സിഡി(പ്രോജക്ട് ന്. 113)*

*9. പുൽകൃഷി വികസനം (പ്രോജക്ട് നം. 32)*

*10. മത്സ്യഭവൻ ഓഫീസിലെ കറണ്ട് ചാർജ്ജ് അടവാക്കൽ (പ്രോജക്ട് നം.38)*

*11. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് (വിദ്യാർത്ഥികൾക്ക്) പഠനോപകരണങ്ങൾ (മേശ, കസേര)*

*(പ്രോജക്ട് നം. 39)*

*12.* അംഗൻവാടിയ്ക്ക് ഗ്യാസ് കണക്ഷൻ *(*അഡീഷണൽ ഗ്യാസ് സിലിണ്ടർ നൽകൽ*) (*പ്രോജക്ട് നം*. 73)*

*13.* നിർദ്ധനരായ വനിതകൾക്ക് ഭൂമി വാങ്ങൽ *(*എസ്. സി.*) (*പ്രോജക്ട് നം*. 77)*

*14.* വികലാംഗർക്ക് ഉപകരണം വാങ്ങൽ *(*ജനറൽ*) (*പ്രോജക്ട് നം*. 78)*

*15* കുടുംബശ്രീ യൂണിറ്റുകൾക്ക് ടി.എച്ച്. ആർ. എസ്. യൂണിറ്റ് തുടങ്ങുന്നതിന് ധനസഹായം നൽകൽ *(*പ്രോജക്ട് നം*. 109)*

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 1.25 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 6497388 | 6028452 | -468936 | -7.21% |
| നികുതിയേതര വരവുകൾ | 1788669 | 2170283 | 381614 | +17.58% |
| മറ്റ് വരവുകൾ | 460792 | 657315 | +196523 | +29.90% |
| ആകെ | 8746849 | 8856050 | +109201 | +1.25% |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 611760 | 677 |
| കർഷകതൊഴിലാളി പെൻഷൻ | 532800 | 679 |
| വിധവാ പെൻഷൻ | 14249080 | 13666 |
| വാർദ്ധക്യകാല പെൻഷൻ | 15609000 | 18715 |
| വികലാംഗപെൻഷൻ | 3650585 | 3348 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 0 | 0 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 725280 | 701 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 5.11.2016 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 1999/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം നല്ല രീതിയിൽ പ്രവർത്തിക്കുന്നു. നികുതി-നികുതിയേതര വരുമാനങ്ങൾ കൃത്യമായി പിരിക്കുന്നതിനും അവ സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിപാലിക്കുന്നതിലും കാലികപ്പെടുത്തുന്നതിലും ഗുരുതരമായ അനാസ്ഥയാണ് പുലർത്തുന്നത്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ ലഭ്യമല്ല. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. പഞ്ചായത്ത് ഓഫീസിന്റെ ഭൗതിക സാഹചര്യം പരിതാപകരമായ അവസ്ഥയിലാണ്. ഫയലുകളും രേഖകളും യാതൊരു ക്രമീകരിണവുമില്ലാതെ വിവിധ സ്ഥലങ്ങളിൽ കൂട്ടിയിട്ടിരിക്കുന്നു. പഞ്ചായത്ത് കമ്മിറ്റി ഹാൾ വൃത്തിഹീനമായ സാഹചര്യത്തിൽ കാണപ്പെടുന്നു. എന്നാൽ ഉദ്ഘാടനം കഴിഞ്ഞിട്ടും പുതിയ കെട്ടിടത്തിലേയ്ക്ക് ഓഫീസ് മാറ്റുവാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. നിർബന്ധിത സാമൂഹ്യ സുരക്ഷാ പദ്ധതിയായ പാലിയേറ്റീവ് കെയർ അർഹരായവർക്ക് ഗുണകരമായ രീതിയിൽ നടപ്പിലാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.2.2016 | 01.09.2015 മുതൽ 31.1.2015 വരെ | 20.8.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.7.2012 മുതൽ 2.8.2012 വരെ | 2007-2008 മുതൽ 2011-12 വരെ | 19.9.2012 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മിനിറ്റ്സ് രേഖപ്പെടുത്തലുകൾ അപാകതകൾ - സംബന്ധിച്ച്

2015 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പിന് മുന്നോടിയായി ഫോട്ടോ പതിച്ച വോട്ടർപട്ടികയുടെ കരട് പകർപ്പ് 40 കോപ്പികൾ എടുക്കുന്നതിനും 2 പകർപ്പുകൾ വീതം അംഗീകൃത രാഷ്ട്രീയ കക്ഷികൾക്ക് നൽകുന്നതിനും 25.07.2015 തീയതിയിൽ തെരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇതിന്റെ അടിസ്ഥാനത്തിൽ ദേവി ഡി.ടി.പി എന്ന സ്ഥാപനത്തിന് വോട്ടർ പട്ടികയുടെ കരട് പകർപ്പിന്റെ 40 സെറ്റ് വീതം പ്രിന്റ് എടുത്തതിന് 1.50 രൂപ നിരക്കിൽ 532 പേജ് വീതം ആകെ 31,920/-രൂപ നൽകിയിട്ടുണ്ട്. തുടർന്ന്, അന്തിമ പട്ടിക തയ്യാറാക്കുന്നതിന് ക്വട്ടേഷൻ കൂടാതെ 532 പേജുകൾക്ക് 60 കോപ്പി പകർപ്പുകളും എടുത്തിട്ടുണ്ട്. ഇതിന് പേജ് ഒന്നിന് 60 പൈസ നിരക്ക് എന്ന് മിനിറ്റ്സ് ബുക്കിലും (തീയതി 14.09.2015 ലെ IV(i) തീരുമാനം)രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മിനിറ്റ്സ് ബുക്കിൽ 100 പൈസ എന്ന് തിരുത്തൽ വരുത്തി 31,900/- രൂപ 17.09.2015 ന് അനിൽ പ്രിന്റേഴ്സ്സിന് നൽകി. (ചെക്ക് നമ്പർ 94418 തീയതി 30.09.2015, വൗച്ചർ നമ്പർ 2500586)

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറി നമ്പർ 42 ന് മറുപടിയായി 1രൂപ നിരക്കിലാണ് പകർപ്പ് എടുക്കാൻ നൽകിയതെന്നും ആയത് മിനിറ്റ്സിൽ തെറ്റായി രേഖപ്പെടുത്തിയതാണെന്നും അറിയിച്ചിട്ടുണ്ട്.

പഞ്ചായത്ത് ഭരണ നിർവ്വഹണത്തിന്റെ സുപ്രധാന രേഖയായ മിനിറ്റ്സ് ബുക്ക് അലക്ഷ്യമായി കൈകാര്യം

ചെയ്യുന്നത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ഇത്തരം പ്രവൃത്തികൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-2 ലക്ഷ്മിപുരം, ശാന്തിപുരം ഷോപ്പിംഗ് കോംപ്ലക്സുകൾ - വാടക കൃത്യമായി പിരിച്ചെടുക്കുന്നില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ലക്ഷ്മിപുരം ഷോപ്പിംഗ് കോംപ്ലക്സ് ,ശാന്തിപുരം ഷോപ്പിംഗ് കോംപ്ലക്സ് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളിൽ നിന്നും 2015-16 സാമ്പത്തിക വർഷം വാടക കുടിശ്ശിക ഇനത്തിൽ 36,981/- രൂപ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

എ) ലക്ഷ്മിപുരം ഷോപ്പിംഗ് കോംപ്ലക്സ് :

| ക്രമ.നം | സ്റ്റാൾ നമ്പർ | വാടകയ്ക്ക് എടുത്ത ആളിന്റെ പേര്,മേൽ വിലാസം | വാടക | ഈടാക്കാത്ത കാലയളവ് | ഈടാക്കേണ്ട തുക |
|---|---|---|---|---|---|
| 1 | സ്റ്റാൾ നമ്പർ -3 | മാനേജർ ,സപ്ലൈക്കോ | 525 | 09/2015 മുതൽ 03/2016 വരെ | 3675 |
| 2 | സ്റ്റാൾ നമ്പർ -9 | ശ്രീ.ധീരജ് കുമാർ, സി.എസ്. നിവാസ്സ്, ശാർക്കര | 2620 | 03/2016 | 2620 |
| 3 | സ്റ്റാൾ നമ്പർ -13 | ശ്രീമതി.എസ്.സുലഭ, പനവാൻചേരി ഹൗസ് , ചിറയിൻകീഴ് | 2131 | 11/2015മുതൽ 03/2016 | 12,786 |
| 4 | സ്റ്റാൾ നമ്പർ -19 | ശ്രീ.കനകദാസ് | 1085 | 08/2015 മുതൽ 03/2016 വരെ | 8680 |
| ആകെ തുക | | | | | 27761 |

ബി) പാർവ്വതീപുരം ഷോപ്പിംഗ് കോംപ്ലക്സ് :

| ക്രമ.നം | സ്റ്റാൾ നമ്പർ | വാടകയ്ക്ക് എടുത്ത ആളിന്റെ പേര്,മേൽ വിലാസം | വാടക | ഈടാക്കാത്ത കാലയളവ് | ഈടാക്കേണ്ട തുക |
|---|---|---|---|---|---|
| 1 | സ്റ്റാൾ നമ്പർ -2 | അസ്സി.മാനേജർ , കേരള സ്റ്റേററ് സിവിൽ സപ്ലൈസ് | 2322 (അടച്ച തുക 2212/-) | 02/16 മുതൽ 03/2016 വരെ | 220 |
| 2 | സ്റ്റാൾ നമ്പർ - 6 | അംബിക, തൊടിയിൽ വീട് , ചിറയിൻകീഴ് | 750 | 04/2015 മുതൽ 03/2016 വരെ | 9000 |
| ആകെ തുക | | | | | 9,220 |

മേൽ പ്രസ്താവിച്ച ആകെ കുടിശ്ശിക 36981/-(27761+9220) രൂപ പിഴ പലിശ സഹിതം അടിയന്തരമായി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളുടെ വാടക കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും സ്ഥിരമായി വാടക

കുടിശ്ശിക വരുത്തുന്ന സ്ഥാപനങ്ങളെ ഒഴിപ്പിക്കുന്നതിനും ഉള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. കൂടാതെ നിയമ നടപടികളിലൂടെ കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കാനും അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്

## 2-3 പഞ്ചായത്ത് പരിധിയിലെ മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല

ജി.ഒ (ആർ.ടി)19/2011/തസ്വഭവ,തീയതി 14.01.2011 പ്രകാരം മൊബൈൽ ടവർ ഉടമകളിൽ നിന്ന് ചതുരശ്രമീറ്ററിന് കുറഞ്ഞത് 400/- രൂപ നിരക്കിൽ ഒരോ ടവറിന്റെയും ആകെ സ്ഥലവിസ്തീർണത്തിനനുസരിച്ച് വസ്തുനികുതി ഈടാക്കാൻ നിഷ്കർഷിക്കുന്നു.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ ആകെ 7 മൊബൈൽ ടവറുകൾ സ്ഥിതി ചെയ്യുന്നുണ്ട്. മൊബൈൽ ടവറുകളുടെ വിശദാംശങ്ങൾ, ഈടാക്കേണ്ട വസ്തു നികുതി എന്നിവ ചുവടെ ചേർക്കുന്നു.

| ക്രമ നം | സർവ്വീസ് പ്രൊവൈഡറുടെ പേര് | സ്ഥിതി ചെയ്യുന്ന വാർഡ് | മേൽ വിലാസം | വിസ്തീർണ്ണം | ഈടാക്കേണ്ട വസ്തു നികുതി |
|---|---|---|---|---|---|
| 1 | ടാറ്റ ടെലി സർവ്വീസസ് | 7 | മാനേജർ,ടാറ്റാ ടെലി സർവ്വീസസ്, എസ്.എൽ പ്ലാസ ,പാലാരിവട്ടം,കൊച്ചി. | 13 ച.മീ | 5200 |
| 2 | BPL മൊബൈൽ സെല്ലുലാർ ലിമിറ്റഡ് | 7 | ഹെഡ് എൻജിനീയർ, BPL മൊബൈൽ സെല്ലുലാർ ലിമിറ്റഡ്, മേത്തർസ്ക്വയർ,നോർത്ത് എറണാകുളം. | 42.5 ച.മീ | 17000 |
| 3 | ഭാരതി സെല്ലുലാർ ലിമിറ്റഡ് | 7 | മാനേജർ,ഭാരതി സെല്ലുലാർ ലിമിറ്റഡ്,ഭാരതി ടവർ, എസ്.എ.റോഡ്,കൊച്ചി. | 27 ച.മീ | 10800 |
| 4 | വിവരം ലഭ്യമാക്കിയിട്ടില്ല | 9 | സുബ്രാമ്മ, കല്ലുകിടകികുന്നിടം | 10 ച.മീ | 4000 |
| 5 | വിവരം ലഭ്യമാക്കിയിട്ടില്ല | 9 | വിക്രമൻ പിള്ള, വെളിവിളാകത്ത് വീട് | 110 ച.മീ | 44000 |
| 6 | വിവരം ലഭ്യമാക്കിയിട്ടില്ല | 17 | പൊടിയൻ, പറമ്പിൽ വീട് | 60 ച.മീ | 24000 |
| 7 | ഇൻഡസ് ടവർ | 19 | മാനേജർ,ഇൻഡസ് ടവർ, കുണ്ടന്നൂർ, കൊച്ചി. | 50 ച.മീ | 20000 |
| ആകെ തുക | | | | | 1,25,000 |

പഞ്ചായത്ത് പരിധിയിലെ മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടണ്ടതാണ്.

## 2-4 മൂല്യവർദ്ധിത നികുതി അടവാക്കാത്തത് സംബന്ധിച്ച്

മൂല്യ വർദ്ധിത നികുതി നിയമം 2003 പ്രകാരം, എല്ലാത്തരം കരാർ പ്രവൃത്തിയുടെ ബില്ലിൽ നിന്നും നിയമാനുസൃതമായ നികുതി കരാർ നൽകിയ സ്ഥാപനം സ്രോതസ്സിൽ നിന്നും ഈടാക്കി ഗവൺമെന്റിലേയ്ക്ക് അടവു വരുത്തണമെന്ന നിഷ്കർഷിക്കുന്നു.

("10. Deduction of tax at source .- (1) Every awarder shall deduct from every payment, including advance payment, made by him to any works contractor liable to pay tax under section 6, in relation to any works contract awarded, the tax payable by the contractor in respect of such contract under that section, whether the transfer of goods involved in the execution of works contract is in the form of goods or not, and remit it to Government, in the prescribed manner, on or before the twentieth day of the month succeeding the month in which such deduction is made. Every such awarder shall also file such return as may be prescribed.

(i) in case of work awarded by Government of Kerala, Kerala Water Authority or Local Authorities, after deducting four per cent of the amount paid as per the works contract.")

പദ്ധതി നമ്പർ 20/16 ഇലക്ട്രിക്കൽ മെയിന്റനൻസ് പദ്ധതിയ്ക്കായി കരാർ ഏറ്റെടുത്ത ശ്രീ.ഗോപാല കൃഷ്ണൻ, യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്ന കരാറുകാരന് താഴെ വിവരിക്കുന്ന വിധം ആകെ 4,00,000/- രൂപ നൽകിയിട്ടുണ്ട്.

| ഡി.ഡി നമ്പർ | തുക |
|---|---|
| 415431 തീയതി 07.10.2015 | 1,18,555 |
| | 1,52,290 |
| 688025 തീയതി 29.12.2015 | 1,03,060 |
| തീയതി 22.03.2016 | 26,095 |
| ആകെ | 4,00,000/-രൂപ |

ഈ തുകയിൽ നിന്ന് ഈടാക്കേണ്ട മൂല്യ വർദ്ധിത നികുതി 4% നിരക്കിൽ 16,000/- രൂപ കരാറുകാരനിൽ നിന്ന് ഈടാക്കാൻ നിർദ്ദേശിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി 23ന് മറുപടിയായി പ്രസ്തുത തുക കരാറുകാരനിൽ നിന്ന് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

കരാറുകാരനിൽ നിന്ന് അടിയന്തരമായി തുക ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-5 ഇ -ടെണ്ടർ മുഖേനയുള്ള പ്രവൃത്തികൾ - ഫോറം വിലയും മൂല്യവർദ്ധിത നികുതിയും പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല -നടപടികൾ ത്വരിതപ്പെടുത്തണം

ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിൽ 2014-15, 2015-16 എന്നീ സാമ്പത്തിക വർഷങ്ങളിൽ മരാമത്ത് പ്രവർത്തികൾ ഇ-ടെൻഡർ മുഖേന നടത്തിയിട്ടുണ്ട്. ഈ പ്രവൃത്തികളിലൂടെ പഞ്ചായത്തിനു ലഭിക്കേണ്ടതായ ഫോറം വിലയും നികുതിയും ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്ന് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മാറ്റുവാൻ ആവശ്യമായ നടപടികൾ ഉടനടി സ്വീകരിക്കേണ്ടതാണ്. ജില്ലാ പഞ്ചായത്തിൽ നിന്ന് തുക ലഭ്യമാകുന്ന സമയത്ത് അസിസ്റ്റന്റ് എഞ്ചിനീയർ പ്രവൃത്തികൾ ഫോറം വാങ്ങിയവരുടെ എണ്ണം ഉടങ്ങിയവയുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്.

## 2-6 തൊഴിൽ നികുതി ഈടാക്കുന്നതിന് ഊർജ്ജിത നടപടികൾ അനിവാര്യം

(എ) *രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നില്ല*

1998-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും) ചട്ടം 3 നിഷ്കർഷിക്കുന്ന വിധത്തിൽ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്റർ, കുടിശ്ശികഡിമാന്റ് രജിസ്റ്റർ, സ്ഥാപന രജിസ്റ്റർ എന്നിവ എഴുതി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. നികുതി പത്രിക സമർപ്പിക്കുന്ന സ്ഥാപനങ്ങളുടെ പേരു മാത്രം രജിസ്റ്ററിൽ രേഖപ്പെടുത്തി നികുതി ഈടാക്കുന്ന രീതിയാണ് അനുവർത്തിച്ചു വരുന്നത്. പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങളടങ്ങിയ അസ്സസ്സ്മെന്റ് രജിസ്റ്റർ 1996-ലെകേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (നികുതി ചുമത്തലും ഈടാക്കലും അപ്പീലും) 5-ലെ മാതൃകയിൽ എഴുതി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എങ്കിൽ മാത്രമേ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽനികുതിയും സ്ഥാപനനികുതിയും ഒടുക്കു വരുത്തുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ സാധിക്കുകയുള്ളൂ.

എന്നാൽ ഓഡിറ്റിനു സമർപ്പിച്ച രജിസ്റ്ററിൽ തൊഴിൽ നികുതി സംബന്ധമായ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. സ്ഥാപനങ്ങളുടെ പേരുകൾ മാത്രം തലക്കെട്ടായി രേഖപ്പെടുത്തിയ പേജുകൾ പോലും രജിസ്റ്ററിൽ ഉൾപ്പെട്ടു കാണുന്നു. തൊഴിൽ നികുതി സംബന്ധിച്ച പൂർണ്ണമായ രേഖകൾ പരിപാലിക്കേണ്ടതും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നികുതി കൃത്യമായി ഡിമാന്റ് ചെയ്ത് ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ബി) *ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.*

ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ നിന്നും 2015-16 സാമ്പത്തിക വർഷത്തിൽ രജിസ്റ്ററിൽ ഉൾപ്പെട്ട താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട കാലയളവ് |
|---|---|---|
| 1 | ഗവ. പോളിടെക്നിക്ക് കോളേജ് | രണ്ടാം അർദ്ധ വർഷം |
| 2 | എം.എം.എൻ.എസ്.എസ്. ഈ.എം സ്കൂൾ | ഒന്ന് & രണ്ട് അർദ്ധ വർഷം |
| 3 | കാർത്തിക ക്ലിനിക്ക് | ഒന്ന് & രണ്ട് അർദ്ധ വർഷം |
| 4 | ഡോ.കോശീസ് മൾട്ടിസ്പെഷ്യാലിറ്റി ക്ലിനിക്ക് | രണ്ടാം അർദ്ധ വർഷം |
| 5 | ചിറയിൻകീഴ് താലൂക്ക് എയിംസ് സ്കൂൾ | രണ്ടാം അർദ്ധ വർഷം |
| 6 | സ്വാതി തിരുന്നാൾ ഇന്റർനാഷണൽ സ്കൂൾ,ആനത്തലവട്ടം | രണ്ടാം അർദ്ധ വർഷം |

മേൽ പ്രസ്താവിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

സി) *സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.*

2015-16 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട കാലയളവ് | ഈടാക്കേണ്ട തുക |
|---|---|---|---|
| 1 | കാർത്തിക ക്ലിനിക്ക് | ഒന്ന് & രണ്ട് അർദ്ധ | 2500 |

| | | | |
|---|---|---|---|
| | | വർഷം | |
| 2 | ഡി.ഡി.ആർ.സി ഡയഗ്നോസ്ററിക്ക് സെന്റർ | ഒന്ന് & രണ്ട് അർദ്ധ വർഷം | 2500 |
| 3 | ബി.എസ്.എൻ.എൽ | ഒന്ന് & രണ്ട് അർദ്ധ വർഷം | 2500 |
| 4 | സ്വാതി തിരുന്നാൾ ഇന്റർനാഷണൽ സ്കൂൾ,ആനത്തലവട്ടം | ഒന്ന് & രണ്ട് അർദ്ധ വർഷം | 2500 |
| 5 | മുസലിയാർ എൻജിനീയറിംഗ് കോളേജ് | ഒന്ന് & രണ്ട് അർദ്ധ വർഷം | 2500 |
| 6 | ഡോ.ഗിരിജൻ ,ഡയഗ്നോസ്ററിക്ക് ലബോറട്ടറി | ഒന്ന് & രണ്ട് അർദ്ധ വർഷം | 2500 |
| | | ആകെ | 15,000 |

ഈ സ്ഥാപനങ്ങളിൽ നിന്നും അടിയന്തരമായി സ്ഥാപന തൊഴിൽ നികുതി ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ പരിധിയിൽ 10 റേഷൻകടകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കൂടാതെ, പഞ്ചായത്ത് പരിധിയിൽ നിരവധി ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ അവയുടെ വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 18 ന്റെ മറുപടി). പഞ്ചായത്ത് ഡയറക്ടറുടെ 11-5-2007 ലെ സി13-15557/2007നം.സർക്കുലർ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, റൈസ് മില്ലുകൾ, ഓഡിറ്റോറിയങ്ങൾ/കല്യാണ മണ്ഡപങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽനികുതി ഈടാക്കാൻ നിർദ്ദേശിക്കുന്നു. ഗ്രാമപഞ്ചായത്ത് പരിധിയിൽ ഈ വിഭാഗത്തിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവരിൽ നിന്നും കൃത്യമായി തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുന്ന ട്രേഡേഴ്സ് ലിസ്റ്റ് പരിപാലിക്കുന്നില്ല. ആയതിനാൽ പഞ്ചായത്ത് പരിധിയ്ക്കുള്ളിൽ തൊഴിൽ നികുതി ചുമത്താവുന്ന വ്യക്തികളുടെ പൂർണ്ണമായ വിവരങ്ങൾ ലഭ്യമല്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാത്തത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. പഞ്ചായത്ത് പരിധിയിലെ തൊഴിൽ നികുതി ഈടാക്കേണ്ട വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവയുടെ പൂർണ്ണ വിവര ശേഖരണം അടിയന്തരമായി പൂർത്തീകരിക്കേണ്ടതും നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് ഊർജ്ജിതമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-7 ഡി & ഒ ലൈസൻസ് അനുവദിക്കുന്നതിൽ ഗവ. നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

2015-16 വർഷം പഞ്ചായത്തിൽ നിന്നും അനുവദിച്ച ഡി & ഒ ലൈസൻസുകളിൽ താഴെ പറയുന്ന അപേക്ഷകളോടൊപ്പം ആവശ്യമായ രേഖകൾ വാങ്ങി സൂക്ഷിച്ചിട്ടില്ല.

1) സ.ഉ.(എം.എസ്.)നം.323/2011/ത.സ്വ.ഭ.വ.തീയതി 27.12.2011 നിർദ്ദേശാനുസരണം നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുകയോ, ശേഖരിക്കുകയോ, വിൽക്കുകയോ ചെയ്യുന്നതല്ലെന്ന സത്യവാങ്മൂലം.

2) സർക്കുലർ നം. 63624/ആർ.സി.2/2008/ത.സ്വ.ഭ.വ. തീയതി 15.6.2009 പ്രകാരം സ്ഥാപനത്തിന്റെ പേര് ഇംഗ്ലീഷിലും മലയാളത്തിലും രേഖപ്പെടുത്തിയിട്ടുണ്ടെന്ന സത്യപ്രസ്താവന .

3) സർക്കുലർ നം. 15885/ആർ.ഡി.3/2011/ത.സ്വ.ഭ.വ. തീയതി 26.4.2011 അനുസരിച്ച് ഡി &ഓ ലൈസൻസികളോട് പുകവലി നിരോധനം സംബന്ധിച്ച നിബന്ധനകൾ പാലിക്കുമെന്ന സമ്മതപത്രം.

മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവുകളിലെ /സർക്കുലറുകളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ട്രേഡേഴ്സ് ലിസ്റ്റ് പരിപാലിക്കുന്നില്ല എന്നത് ഗുരുതരമായ അനാസ്ഥയായി ഓഡിറ്റ് വിലയിരുത്തുന്നു. പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ അവയെ കണ്ടെത്തി ലൈസൻസ് ഫീസ് ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-8 വാർഷിക ധനകാര്യപത്രിക, എസ്.എഫ്.സി. പത്രിക എന്നിവയിലെ അപാകതകൾ

2015-16 സാമ്പത്തിക വർഷത്തിലെ വാർഷിക ധനകാര്യപത്രികയും എസ്.എഫ്.സി. പത്രികയും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

*1.* എസ്.എഫ്.സി. പത്രികയിൽ ഡി.സി.ബി. സാക്ഷരതാ ഹെഡിലെ തുകയായ *6795/-* രൂപ ഓപ്പണിംഗ് ബാലൻസായി ഉൾപ്പെടുത്തിയിട്ടില്ല.

2. Category E Fund ൽ ഐ.സി.ഡി.എസ്. സെൻട്രൽ ഷെയർ ആയി *334057/-* രൂപ എസ്.എഫ്.സി. പത്രികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതേ തുക എസ്.എഫ്.സി. own fund ലും ഉൾപ്പെടുത്തിയിരിക്കുന്നു.

3. Cash at Treasury ഹെഡിൽ എസ്.എഫ്.സി. പത്രികയിൽ 9484740/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ ജനറൽ പർപ്പസ് ഫണ്ട് ആയി 9302685/- രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

4. വാർഷിക ധനകാര്യപത്രിക പ്രകാരം Category A Fund 18340409/- (4820645+5102239+7077512+1340013) രൂപയാണ്. എന്നാൽ എസ്.എഫ്.സി. പത്രികയിൽ A Fund 40642132/- രൂപയായി രേഖപ്പെടുത്തിയിരിക്കുന്നു.

5. വാർഷിക ധനകാര്യപത്രിക പ്രകാരം Category C Fund Road 3336057/- രൂപയും Non-road ൽ 3673877/- രൂപയും വരവായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ എസ്.എഫ്.സി. പത്രികയിൽ ഈ തുകകൾ യഥാക്രമം 4121000/-, 6938000/- രൂപയാണ്.

6. വാർഷിക ധനകാര്യപത്രിക പ്രകാരം Category E Fund ൽ NREGS വരവ് 366291/- രൂപയാണ്. എന്നാൽ എസ്.എഫ്.സി. പത്രികയിൽ വരവ് 15646835/- രൂപയാണ്.

7. ഡി.ബി.റ്റി. ഉൾപ്പെടെയുള്ള തുകകൾ ബി ഫണ്ടിൽ രേഖപ്പെടുത്തിയിട്ടുമില്ല.

നം. കെ.എസ്.എ.റ്റി.വി.എം. എസ്റ്റാ.3/2128/2016 തീയതി 17.12.2016 കത്ത് പ്രകാരം മുകളിൽ പരാമർശിക്കപ്പെട്ട വ്യത്യാസങ്ങൾ ക്രമീകരിച്ച് വാർഷിക ധനകാര്യ പത്രിക റിവൈസ് ചെയ്ത് എസ്.എഫ്.സി. സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ട്രൈ സ്കൂട്ടർ വാങ്ങി നൽകൽ - കരാറിൽ ഏർപ്പെടാതെ അധിക തുക നൽകി

പഞ്ചായത്ത് ഭരണ സമിതിയുടെ 12.02.2016 തീയതിയിലെ 5ാം നമ്പർ തീരുമാന പ്രകാരം, പ്രോജക്റ്റ് നമ്പർ 85/2015-16ആയി എട്ട് ഗുണഭോക്താക്കൾക്ക് ട്രൈ സ്കൂട്ടർ വാങ്ങി നൽകുന്നതിന് പദ്ധതി രൂപീകരിച്ചു.

ഇതിനായി 17.03.2016 തീയതിയിൽ 5,72,000/- രൂപ വികലാംഗ ക്ഷേമ കോർപ്പറേഷന് നൽകിയിട്ടുണ്ട്. എന്നാൽ, ഇതു സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ TSD/PI/101/15-16 നമ്പർ തീയതി 26/02/2016 ഇൻവോയ്സ് പ്രകാരം ഒമ്പത് സ്കൂട്ടറുകൾക്ക് സൈഡ് വീൽ അറ്റാച്ച്മെന്റ് ,ഇൻഷ്വറൻസ് ,രജിസ്ട്രേഷൻ, ഹാൻഡ്ലിംഗ് ചാർജ്ജ് എന്നിവ ഉൾപ്പെടെ 66,000/- രൂപ നിരക്കിൽ 5,94,000/- രൂപയ്ക്ക് വിതരണം ചെയ്യാമെന്ന് കെൽട്രോൺ ഇൻവോയ്സ് നൽകിയിട്ടുണ്ട്. ട്രൈ സ്കൂട്ടർ വാങ്ങുന്നതിന് കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന് ഒരു യൂണിറ്റിന് 71,500/- നിരക്കിൽ എട്ട് ട്രൈ സ്കൂട്ടറിന് ആകെ രൂപ 5,72,000/- നൽകിയിട്ടുണ്ട്. കൂടാതെ, ട്രൈ സ്കൂട്ടർ വാങ്ങലുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനുമായി ഏർപ്പെട്ട കരാറിന്റെ പകർപ്പോ, പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെട്ടവർ ട്രൈ സ്കൂട്ടർ ലഭിക്കുന്നതിന് അർഹരാണെന്ന് തെളിയിക്കുന്ന രേഖകളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി 27 ന് നൽകിയ മറുപടി പ്രകാരം പദ്ധതി നടത്തിപ്പിനായി കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനുമായി കരാറിൽ ഏർപ്പെട്ടതിന്റെയും, പദ്ധതിയുടെ ഗുണഭോക്താക്കളുടെ വിശദാംശങ്ങളുടേയും രേഖകൾ കണ്ടെത്താനായില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. കൂടാതെ, ട്രൈ സ്കൂട്ടർ പഞ്ചായത്തിന് നാളിതു വരെ ലഭ്യമായിട്ടില്ല എന്നും ലഭ്യമാകുന്ന മുറയ്ക്ക് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതാണെന്നും അറിയിച്ചു.

ട്രൈ സ്കൂട്ടർ വാങ്ങുന്നതിനായി നിയമാനുസൃതമായ കരാറിൽ ഏർപ്പെടാതെ കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന് തുക നല്കിയത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. കൂടാതെ അർഹരായ ഗുണഭോക്താക്കളെ നിർണ്ണയിക്കുന്നതിൽ കൃത്യത പാലിച്ചിട്ടില്ല. ട്രൈ സ്കൂട്ടറുകൾ വാങ്ങുന്നതിന് യൂണിറ്റ് ഒന്നിന് 66,000/- രൂപ നിരക്കിൽ ആകെ 5,94,000/- രൂപയ്ക്ക് വിതരണം ചെയ്യാമെന്ന് കെൽട്രോൺ അറിയിച്ചിരുന്നെങ്കിലും ആയത് പരിഗണിക്കാതെ കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന് എട്ട് ട്രൈ സ്കൂട്ടറിന് 71,500/- നിരക്കിൽ ആകെ 5,72,000/- രൂപ നൽകി. എന്നാൽ നാളിതു വരെ പദ്ധതിയുടെ ഫലപ്രാപ്തി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

മേൽ സാഹചര്യത്തിൽ പദ്ധതി നടത്തിപ്പിനായി ചെലവഴിച്ച തുകയിൽ 5,28,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

കെൽട്രോൺ നൽകിയ ഇൻവോയ്സ് പരിഗണിക്കാതെയാണ് കേരള സംസ്ഥാനവികലാംഗ ക്ഷേമ കോർപ്പറേഷന് തുക നല്കിയത്. എന്നാൽ, ഗുണഭോക്താക്കൾക്ക് പ്രയോജന പ്രദമായ രീതിയിൽ സമയ ബന്ധിതമായി പദ്ധതി ലക്ഷ്യം കൈ വരിക്കാൻ കഴിഞ്ഞിട്ടില്ല. കൃത്യമായ വിശകലനം നടത്താതെ തുക അനുവദിച്ചതു മൂലം പഞ്ചായത്ത് ഫണ്ടിന് ആകെ 44000/- രൂപയുടെ നഷ്ടം വന്നിരിക്കുന്നു.( 71,500 - 66,000 = 5500/- രൂപ. ആകെ എട്ട് യൂണിറ്റുകൾക്ക് 44,000/-( 5500 * 8) രൂപ )

ഈ സാഹചര്യത്തിൽ 44,000/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്

## 3-2 തെരുവു വിളക്കുകളുടെ പരിപാലനം - അധിക തുക നൽകി

2015-16 സാമ്പത്തിക വർഷത്തെ 20/2015 പദ്ധതി പ്രകാരം തെരുവു വിളക്കുകളുടെ പരിപാലനം എന്ന ഇനത്തിൽ ആകെ 4,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 2015 ഡിസംബർ, ഫെബ്രുവരി എന്നീ മാസങ്ങളിൽ തെരുവു വിളക്കുകൾ വാങ്ങിയതിൽ CFL ലൈറ്റുകൾക്ക് കരാർ നിരക്കിനേക്കാൾ അധിക നിരക്ക് നല്കി.

(65 രൂപ നിരക്കിനു പകരം 70 രൂപ നിരക്ക് അധികമായി നൽകി - പട്ടിക 1 കാണുക)

(പട്ടിക 1)

| Project No 20/2015 | | MONTH | MONTH | MONTH | MONTH |
|---|---|---|---|---|---|
| | | 08/2015 | 10/2015 | 12/2015 | 02/2016 |

| | Item | Rate | Total No | Rate | Total No | Rate | Total No | Rate | Total No |
|---|---|---|---|---|---|---|---|---|---|
| | CFL | 65 | 69 | 65 | 219 | 70 | 77 | 70 | 53 |
| | Single Tube | 185 | 446 | 185 | 423 | 185 | 334 | 185 | 80 |
| | Double Tube | 270 | 108 | 270 | 100 | 270 | 44 | 270 | 25 |
| | SVL | 800 | 3 | 800 | 41 | 800 | 30 | 800 | 1 |
| | | | | | | | | | |

ഓഡിറ്റ് എൻക്വയറി നമ്പർ 30 ന് മറുപടിയായി കരാറുകാരന് അധികമായി നൽകിയ തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവ് വെയ്ക്കേണ്ടതും ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-3 കടത്ത് സർവ്വീസ് - ഫലപ്രദമായി പ്രവർത്തിക്കുന്നില്ല -49925/- രൂപ നിരാകരിക്കുന്നു.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ വാമനപുരം നദിയുടെ പോഷക തോടുകൾ , കായലുകൾ തുടങ്ങിയ നീർത്തടങ്ങളുടെ വലിയ ശൃംഖലയുണ്ട്. ഇവയിൽ പൊതു ജനങ്ങൾക്ക് യാത്രാ സൗകര്യം ഒരുക്കുന്നതിനായി വിവിധയിടങ്ങളിൽ കടത്ത് സർവ്വീസ് നടത്തുന്നുണ്ട്. ഇതിന്റെ നടത്തിപ്പിനായി വേതനം, വാടക എന്നീ ഇനങ്ങൾക്ക് തനത് ഫണ്ടിൽ നിന്നും ഓരോ വർഷവും തുക ചെലവഴിക്കുന്നു. പഞ്ചായത്ത് പരിധിയിലെ വിവിധ കടത്തു സർവ്വീസുകളുടെ നടത്തിപ്പിന് 2015-16 സാമ്പത്തിക വർഷം ആകെ 5,94,755/- രൂപ ചെലവഴിച്ചു. (ഓഡിറ്റ് എൻക്വയറി നമ്പർ 25 ന്റെ മറുപടി).

പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന കടത്തു സർവ്വീസുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര നം | കടത്ത് സർവ്വീസ് നടത്തുന്ന സ്ഥലം | വാർഡ് |
|---|---|---|
| 1 | പുളുംതുരുത്തി തുരുത്തി -പെരുമാതുറ | വാർഡ് 13 |
| 2 | താഴം പള്ളി കടവ് | വാർഡ് -14 |
| 3 | ശിങ്കാരത്തോപ്പ് - തെക്കേ<br>അരയ തുരുത്തി | വാർഡ് 15 |
| 4 | പാർവ്വതീപുരം- കണ്ണാട്ട് തോപ്പ് | വാർഡ് -15 |
| 5 | മൂന്നാറ്റ് മുക്ക് കടത്ത് | വാർഡ് 16 |
| 6 | പുളിമൂട്ടിൽ കടവ് | വാർഡ് 17 |
| 7 | മണക്കണ്ടം | വാർഡ് -19 |

05.12.2016 തീയതിയിൽ ഓഡിറ്റ് വിഭാഗം നടത്തിയ സ്ഥല പരിശോധനയിൽ കടത്തു സർവ്വീസുകൾ

കൃത്യമായി പ്രവർത്തിക്കുന്നില്ല എന്ന ബോധ്യപ്പെട്ടു. പരിമിതമായ തോതിൽ മാത്രമാണ് പൊതു ജനങ്ങൾ കടത്തു സർവ്വീസുകളെ ആശ്രയിക്കുന്നത്.

കടത്ത് സർവ്വീസിനായി ഉപയോഗപ്പെടുത്തുന്ന വള്ളങ്ങളുടെ ഫിറ്റ്നെസ് കൃത്യമായ ഇടവേളകളിൽ പരിശോധിക്കാനോ യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പു വരുത്തുന്ന നടപടിക്രമങ്ങൾ പാലിക്കാനോ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

2015-16 സാമ്പത്തിക വർഷം കടത്ത് സർവ്വീസ് നടത്തിപ്പുമായി ബന്ധപ്പെട്ട് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ഓഡിറ്റ് എൻക്വയറി നം. 43 ന് മറുപടി ലഭ്യമാക്കി. വാർഡ് 19ൽ സ്ഥിതി ചെയ്യുന്ന മണക്കണ്ടം കടത്തു സർവ്വീസിനായി പ്രതിമാസം തുക ചെലവഴിക്കുന്നുണ്ടെങ്കിലും നിലവിൽ ഇത് പ്രവർത്തിക്കുന്നില്ല. കടവിന് ആവശ്യമായ ഭൗതിക പശ്ചാത്തലം പോലും നിശ്ചിത സ്ഥലത്ത് കാണുന്നില്ല. (ചിത്രം 1 കാണുക)



മണക്കണ്ടം കടവ്(ചിത്രം 1)

20115-16 സാമ്പത്തിക വർഷം മണക്കണ്ടം കടവിനായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മണക്കണ്ടം കടത്ത് സർവ്വീസ് | | | |
|---|---|---|---|
| ക്രമ നം. | മാസം | സ്വീകരിച്ച ആളിന്റെ പേര് /തുക | |
| | | സന്ദീപ് | വിജയൻ |
| 1 | ഏപ്രിൽ 2015 | 2800 | 2625 |
| 2 | മേയ് 2015 | 2625 | 2625 |
| 3 | ജൂൺ 2015 | 2625 | 2800 |
| 4 | ജൂലൈ 2015 | 2625 | 2625 |
| 5 | ആഗസ്റ്റ് 2015 | 2800 | 2625 |
| 6 | ഫെസ്റ്റിവൽ അലവൻസ് | 900 | 900 |
| 7 | സെപ്റ്റംബർ 2015 | 2800 | 2625 |
| 8 | ഒക്ടോബർ 2015 | 2625 | 2625 |
| 9 | നവംബർ 2015 | 0 | 2625 |
| 10 | ഡിസംബർ 2015 | 0 | 5425 |
| 11 | ജനുവരി 2016 | 5250 | 0 |
| 12 | ഫെബ്രുവരി 2016 | 0 | 0 |
| 13 | മാർച്ച് 2016 | 0 | 0 |

| | | | |
|---|---|---|---|
| | ആകെ | 25050 | 24875 |
| | ആകെ ചെലവഴിച്ച തുക | 49925 | |

പഞ്ചായത്ത് അധികൃതരുടെ ഭാഗത്ത് നിന്നും കൃത്യമായ അന്വേഷണമോ സ്ഥല പരിശോധനയോ നടപടിക്രമങ്ങളോ ഇല്ലാതെയും സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെയുമാണ് കടത്ത് സർവ്വീസുകൾ നിലവിൽ സ്വകാര്യ വ്യക്തികളുടെ മേൽനോട്ടത്തിൽ പ്രവർത്തിച്ചു വരുന്നത്. അതു കൊണ്ടു തന്നെ, പ്രവർത്തിക്കാത്ത കടത്തു സർവ്വീസിനായി പോലും തുക ചെലവഴിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഈ സാഹചര്യത്തിൽ, 2015-16 സാമ്പത്തിക വർഷം വാർഡ് 19ൽ സ്ഥിതി ചെയ്യുന്ന മണക്കണ്ടം കടവിൽ കടത്ത് സർവ്വീസിനായി ചെലവഴിച്ച തുക 49925/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

മറ്റ് യാത്രാ സൗകര്യങ്ങൾ ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ പൊതുജനോപകാരപ്രദമായ രീതിയിൽ കടത്തു സർവ്വീസുകൾ നടത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. കടത്ത് സർവ്വീസിനായി ഉപയോഗപ്പെടുത്തുന്ന വള്ളങ്ങളുടെ ഫിറ്റ്നെസ് കൃത്യമായ ഇടവേളകളിൽ പരിശോധിക്കുകയും ആവശ്യമായ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പു വരുത്തുകയും വേണം. ഈ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ഭരണസമിതിയുടെ സത്വര ശ്രദ്ധ അനിവാര്യമാണ്.

## 3-4 സബ്സിഡി മാർഗ്ഗരേഖ പാലിക്കാതെ ഗുണഭോക്താക്കൾക്ക് നേരിട്ട് സബ്സിഡി നൽകി.

സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 362/2013 തീയതി 16.11.2013 പ്രകാരം ഭവന പുനരുദ്ധാരണം നടത്തുന്ന ഗുണഭോക്താക്കൾക്ക് പരാമാവധി 25,000/-രൂപ ഭാര്യയുടേയും ഭർത്താവിന്റേയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിൽ നൽകുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

2015-16 സാമ്പത്തിക വർഷത്തെ 60/2015 പദ്ധതി പ്രകാരം 18 ഗുണഭോക്താക്കൾക്ക് 25,000/- രൂപ വീതം ഡി.ഡിയായി നേരിട്ട് നൽകിയിരിക്കുന്നു.(ആകെ വിതരണം ചെയ്ത തുക 4,50,000/- രൂപ ).

മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി ഇത്തരത്തിൽ തുക വിതരണം ചെയ്തതിൽ ഉള്ള വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി31 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-5 വി.ഇ.ഓ നടപ്പിലാക്കിയ പദ്ധതികളുടെ രേഖകൾ ഹാജരാക്കിയില്ല – 48,56,500/- രൂപ തടസ്സപ്പെടുത്തുന്നു.

2015 -16 സാമ്പത്തിക വർഷം വി.ഇ.ഓ നടപ്പിലാക്കിയ പദ്ധതികളുടെ യാതൊരു രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

പദ്ധതികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നം | പദ്ധതി നമ്പർ | ഇനം | തുക |
|---|---|---|---|
| 1 | 57 | IAY അധിക വിഹിതം ജനറൽ | 12,02,500 |
| 2 | 58 | IAY അധിക വിഹിതം എസ്.സി | 13,65,000 |
| 3 | 59 | ഭവന നവീകരണം | 13,00,000 |
| 4 | 61 | വീട് വൈദ്യുതീകരണം ജനറൽ | 40,000 |
| 5 | 62 | വീട് വൈദ്യുതീകരണം എസ്.സി | 24,000 |
| 6 | 65 | പട്ടികജാതി യുവതി/യുവാക്കൾക്ക് ഓട്ടോറിക്ഷ വാങ്ങൽ | 3,00,000 |
| 7 | 94 | നിർദ്ധനരായ വനിതകൾക്ക് ഭൂമി വാങ്ങൽ എസ്.സി. | 3,00,000 |

| | | | |
|---|---|---|---|
| 8 | 96 | വീട് പുനരുദ്ധാരണം | 25,000 |
| 9 | 205 | പട്ടികജാതി യുവതി/യുവാക്കൾക്ക് ഓട്ടോറിക്ഷ വാങ്ങൽ - സ്പിൽ ഓവർ | 3,00,000 |
| ആകെ | | | 48,56,500 |

ഓഡിറ്റ് നിർദ്ദേശ പ്രകാരം, രേഖകൾ ഹാജരാക്കുന്നതിന് നിർവഹണ ഉദ്യോഗസ്ഥനായ ശ്രീ.ബിനു പ്രസാദ് ( വി.ഇ.ഓ ) യ്ക്ക് പഞ്ചായത്തിൽ നിന്നും കത്തു നൽകിയിരുന്നെങ്കിലും രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതിന് നിർവഹണ ഉദ്യോഗസ്ഥൻ തയ്യാറായിട്ടില്ല.

ഈ സാഹചര്യത്തിൽ 2015 -16 സാമ്പത്തിക വർഷം ശ്രീ.ബിനു പ്രസാദ് (വി.ഇ.ഓ )നിർവ്വഹിച്ച പദ്ധതികളുടെ തുകയായ 48,56,500- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 പാലിയേറ്റീവ് കെയർ പദ്ധതി - മാർഗ്ഗരേഖകൾ പാലിക്കണം

പ്രോജക്ട് നം. - SO002/16

അടങ്കൽ തുക - 3,40,000 വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് -3,40,000/-

നിർവ്വഹണം മെഡിക്കൽ ഓഫീസർ -പി.എച്ച്.സി

എല്ലാ ഗ്രാമപഞ്ചായത്തുകളും അനിവാര്യമായി നടപ്പാക്കേണ്ട പദ്ധതിയാണ് പാലിയേറ്റീവ് കെയർ പദ്ധതി. ഗ്രാമപഞ്ചായത്തിൽ 2015-16 സാമ്പത്തിക വർഷത്തിൽ പാലിയേറ്റീവ് കെയർ പദ്ധതിക്കായി 3,40,000/- രൂപ ചെലവ് ചെയ്തിട്ടുണ്ട്. പാലിയേറ്റീവ് പരിചരണം ആവശ്യമുള്ള രോഗികൾക്കു വേണ്ടിയുള്ള ഹോം കെയർ സംവിധാനം ഫലപ്രദമായ രീതിയിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി, പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി എന്നിവ കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് പദ്ധതിയുടെ പുരോഗതി വിലയിരുത്തേണ്ടതാണ്. പാലിയേറ്റീവ് കെയർ പദ്ധതി ഫലപ്രദമായ രീതിയിൽ നടപ്പിലാക്കുവാനും പരിചരണം ആവശ്യമുള്ള രോഗികൾക്ക് പ്രയോജനപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുവാനും ഇത് അനിവാര്യമാണ്.

പാലിയേറ്റീവ് കെയർ നെഴ്സിന്റെ നേതൃത്വത്തിൽ ഹോം കെയർ ടീം ആഴ്ചയിൽ 4 ദിനങ്ങളിൽ കുറയാതെ രോഗികളെ സന്ദർശിക്കേണ്ടതാണെന്ന് മാർഗ്ഗരേഖ നിഷ്കർഷിക്കുന്നു.ഗ്രാമ പഞ്ചായത്തിൽ 1,190 -ൽ പരം രോഗികൾ നോമിനൽ രജിസ്റ്റർ പ്രകാരം സേവനത്തിന് അർഹരാണ്.

2015-16-ലെ ഹോം കെയർ റിപ്പോർട്ട് പ്രകാരം പഞ്ചായത്ത് പരിധിയിലെ ഹോം കെയർ വിസിറ്റിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

| മാസം | സന്ദർശനത്തിന്റെ എണ്ണം | രോഗികളുടെ എണ്ണം | വാഹന വാടക |
|---|---|---|---|
| 03/15 | 12 | 98 | 9600 |
| 4/15 | 12 | 99 | 9600 |
| 5/15 | 12 | 96 | 9600 |
| 6/15 | 12 | 98 | 9600 |
| 7/15 | 12 | 101 | 9600 |
| 8/15 | 12 | 98 | 9600 |

| | | | |
|---|---|---|---|
| 9/15 | 12 | 96 | 9600 |
| 10/15 | 12 | 103 | 9600 |
| 11/15 | 12 | 96 | 9600 |
| 12/15 | 12 | 99 | 9600 |
| 01/16 | വിവരം ലഭ്യമാക്കിയില്ല | 104 | 9600 |
| 02/16 | 12 | 105 | 9600 |
| ആകെ | | 1193 | 1,15,200 |

ഇു പ്രകാരം, പ്രതിമാസം ശരാശരി 12വിസിറ്റ് മാത്രമേ നടത്തിയിട്ടുള്ളൂ. ഇതിനായി ഹോം കെയർ നഴ്സിന് പ്രതിമാസം 10,000/- രൂപ നിരക്കിൽ 1,20,000/-രൂപ ഹോണറേറിയവും വണ്ടി വാടക ഇനത്തിൽ 1,15,200/- രൂപയും ചെലവു ചെയ്തിട്ടുണ്ട്.

പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെട്ട പാലിയേറ്റീവ് കെയർ അർഹതപ്പെട്ടവർക്ക് ശരിയായ ഇടവേളകളിൽ യഥാസമയം ലഭ്യമാക്കുന്നു എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്. ഇതിനായി പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി എല്ലാ മാസവും യോഗം ചേരേണ്ടതും ഹോം കെയർ ടീമിന്റെ പ്രവർത്തനം വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം പ്രവർത്തിക്കുകയും കൂടുതൽ പേരിലേയ്ക്ക് സേവനം എത്തിക്കാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-7 തെരുവു വിളക്കുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല

തെരുവു വിളക്കുകളുടെ എണ്ണം സംബന്ധിച്ച് കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. 2015-16ൽ വൈദ്യുതി ചാർജ്ജ് ഇനത്തിൽ 8,77,815/-രൂപ ഒടുക്കു വരുത്തി.ഉപഭോഗം സംബന്ധിച്ച് മീറ്റർ സ്ഥാപിക്കുകയോ മറ്റ് രേഖകൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. കെ.എസ്.സി.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവു വിളക്കുകളുടെ എണ്ണവും ഉപഭോഗവും കണക്കാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 പഞ്ചായത്ത് -വാട്ടർ അതോറിറ്റി സംയുക്ത പരിശോധന നടത്തിയിട്ടില്ല

പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജിനത്തിൽ 2015-16 വ്രഷത്തിൽ 22,48,984/-രൂപ ഒടുക്കുവരുത്തിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുമായി ചേർന്ന് ഉപയോഗ യോഗ്യമായ പൈപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല. വാട്ടർ അതോറിറ്റി നൽകുന്ന ബില്ലനുസരിച്ചാണ് പഞ്ചായത്ത് വെള്ളക്കരം അടവാക്കുന്നത്. യഥാർത്ഥ ജല ഉപഭോഗത്തിന്റെ ചെലവ് കണക്കാക്കുന്നതിനു പഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തേണ്ടതാണ്.

## 3-9 കൃഷി ഭവൻ റൂഫിംഗ് - റൂഫിംഗ് ഷീറ്റിന്റെ കനത്തിൽ വ്യത്യാസം - 21,218/-രൂപ നിരാകരിക്കുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കൃഷി ഭവൻ റൂഫിംഗ് |
| പ്രോജക്ട് നം. | 180/16 |
| സാങ്കേതിക അനുമതി | 220/AEE/LSGD/CKL/15-16/ Dtd 27.07.2015 |

| | |
|---|---|
| അടങ്കൽ തുക | 1,70,000/- |
| എം.ബുക്ക് | 11/15-16 |
| കോൺട്രാക്ടർ | ജയചന്ദ്രൻ ശ്രീകുമാരൻ |

S00180 /16 എന്ന പ്രോജക്ടിന്റെ ഫയലുകളും അനുബന്ധ ഫയലുകളും പരിശോധിക്കുകയും തുടർന്ന് 03.12 .2016-ൽ സംയുക്ത ഭൗതിക പരിശോധനയും നടത്തുകയും ചെയ്തു. ഈ ഭൗതിക പരിശോധനയിൽ കൃഷി ഭവൻ റൂഫിംഗിനായി (ഇനം 3) ഉപയോഗിച്ചിട്ടുള്ള ഷീറ്റിന്റെ കനത്തിൽ (0.50 എം.എം ന പകരം 0.35എം.എം) കുറവുള്ളതായി ബോധ്യപ്പെട്ടു. ഇതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന വിധം ടി പ്രവൃത്തിയിൽ നഷ്ടം ഉണ്ടായിട്ടുണ്ട്.

| ഇനം നമ്പർ | പ്രവൃത്തിയുടെ ഡി.എസ്.ആർ കോഡ് | ചെയ്ത പ്രവൃത്തിയുടെ അളവ് | നിരക്ക് | ആകെ |
|---|---|---|---|---|
| 3 | 12.50 | 125.44 | 888.57/എം2 | 111462.22 |

ചെയ്ത പ്രവൃത്തിയ്ക്ക് ഡി.എസ്.ആർ-ൽ നിരക്ക് ലഭ്യമല്ലാത്തതിനാൽ മാർക്കറ്റ് റേറ്റിന്റെ അടിസ്ഥാനത്തിൽ ചതുരശ്രമീറ്ററിന് 169.15 രൂപ നിരക്കിൽ നഷ്ടം കണക്കാക്കുന്നു.

വിശദവിരങ്ങൾ ചുവടെ ചേർക്കുന്നു.

| Item | Quantity | Rate | Amount |
|---|---|---|---|
| Precoated galvanised iron profile sheet 0.35 mm TCT | 233.650 | 330 | 76890 |
| Carriage of sheets | 104 | 1.78 | 179.92 |
| Galvanised steel hook 8 mm dia | 476 | 115 | 5474 |
| Bitumin washer | 476 | 30 | 142.80 |
| Gl Plain washer thick | 476 | 35 | 166.60 |
| Carriage of bolt and nuts | 8.060 | 1.73 | 13.94 |
| Sundries | 39.520 | 1.73 | 68.37 |
| Mistry | 2.340 | 487 | 1139.58 |
| Carpenter | 9.340 | 448 | 4184.32 |
| Beldar | 9.340 | 368 | 3437.12 |
| Water charge & (1%) % CPOH (15%) | | | 14809.01 |
| Total | | | 106505.66 |

Cost of 216.14 $m^2$ = 106505.66

Cost of 1 $m^2$ = 492.76

Add cost of index = 492.76 x 1.46 = 719.42

Quantity of work done = 125.44 $m^2$

ആകെ ചെലവായ തുക = 719.42 x 125.44 = 90244.04 രൂപ

ആയതിനാൽ അനുവദനീയമായ 90244 തുക കഴിഞ്ഞുള്ള 21218.22/-രൂപ നിരാകരിക്കുന്നു.

## 3-10 കിഴക്കേത്തിട്ട ബാലവാടി ഓട നിർമ്മാണം - 2563/- രൂപ നിരാകരിക്കുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കിഴക്കേത്തിട്ട ബാലവാടി ഓട നിർമ്മാണം |
| പ്രോജക്ട് നം. | S0119/16 |
| സാങ്കേതിക അനുമതി | 111/AEE/LSGD/CKL/15-16/30.06.2015 |
| അടങ്കൽ തുക | 150000/- |
| എം.ബുക്ക് | 252/15-16 |
| കോൺട്രാക്ടർ | സതീശ് കുമാർ.വി |
| ഡി.ഡി.നമ്പർ | 695566/06.04.2016 |
| തുക | 4,33,286 രൂപ |

മേൽ പ്രവൃത്തിയിൽ തയ്യാറാക്കിയ ഓടയ്ക്ക് മേൽ നിരത്തിയ സ്ലാബുകളുടെ നിർമ്മാണത്തിനായി M 150 (1:2:4) ഉപയോഗിക്കുന്നതിനു പകരം M 200 ($1:1^{1/2}:3$) ഉപയോഗിച്ചിട്ടുണ്ട്.

DSR പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിലെ ഇനം 6 ൽ DSR കോഡ് 5.1.3 നു പകരം കോഡ് 5.1.2 ഉപയോഗിച്ചതിനാൽ താഴെ പറയുന്ന വിധം നഷ്ടം സംഭവിച്ചിട്ടുണ്ട്.

ചെയ്ത പ്രവൃത്തിയുടെ അളവ് - 3.56 $M^3$

നിരക്ക് - 8900.28/$M^3$

ആകെ - 31684.99/-

അനുവദനീയമായ നിരക്ക് - 8180.31/ $m^3$

നൽകേണ്ട തുക - 29121.90

അധികമായി നൽകിയ തുക - 2563/-

കേരള സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ സെക്ഷൻ 6 നു വിരുദ്ധമായി നടന്ന പ്രവൃത്തിയിലൂടെ നഷ്ടപ്പെട്ട തുകയായ 2563/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-11 പെരുമാതുറ മാടൻവിള റോഡിലെ ഓടയ്ക്ക് സ്ലാബ് നിർമ്മാണം -അധികമായി നല്കിയ തുക 9427രൂപ നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | S0042/15 |
| സാങ്കേതിക അനുമതി | TS No 271/AEE/LSGD/CKLBP/PR/14-15/06.01.15 |
| എഗ്രിമെന്റ് | 39/AE/LSGD/CKL/14-15 Dtd 25.03.2015 |
| എം.ബുക്ക് | 204/13-14 |
| കോൺട്രാക്ടർ | അപ്പുകുട്ടൻ പി |
| ഡി.ഡി.നമ്പർ | 414531/12.08.2015 |
| തുക | 3,84,351 |

ഓടയ്ക്ക് മേലുള്ള സ്ലാബ് നിർമ്മാണത്തിനായി DSR കോഡ് 5.9.1 ( Centering & Shuttering including

sturcturing propping etc & removal of form for foundation , footings, bases of columns etc form as concrete.) പ്രകാരം 36,873.15 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിനു പുറമെ സ്ലാബ് നിർമ്മാണത്തിന് 23 പുരുഷൻമാരുടെ കൂലി അധികമായി നൽകിയത് ക്രമവിരുദ്ധമാണ്.

അധികമായി നല്കിയ തുക 9426.78 (23 X 409.86 ) രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-12 ഗ്രാമ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നില്ല

പ്രാദേശിക ഭരണ സംവിധാനത്തെ ശാക്തീകരിക്കുന്നതിനും കൂടുതൽ ജനാധിപത്യവൽക്കരിക്കുന്നതിനും അധികാര വികേന്ദ്രീകരണം അർത്ഥപൂർണ്ണമാക്കുന്നതിനും ജനങ്ങൾ നിരന്തരമായി കൂടിച്ചേർന്ന് വികസന കാര്യങ്ങൾ ചർച്ച ചെയ്യുവാനുമായി എല്ലാ വാർഡിലും ഗ്രാമകേന്ദ്രം രൂപീകരിക്കുവാൻ പദ്ധതി ആസൂത്രണ രേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കെട്ടിടങ്ങളിലും ആയത് ലഭ്യമല്ലാത്ത വാർഡുകളിൽ വാടക കെട്ടിടത്തിലും ഗ്രാമ കേന്ദ്രങ്ങൾ പ്രവർത്തിക്കാനാണ് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി 19 ന്റെ മറുപടിയായി ഗ്രാമ പഞ്ചായത്തിൽ ഗ്രാമ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നില്ല എന്നും വാടക ഇനത്തിൽ തൻ വർഷം തുകയൊന്നും ചെലവഴിച്ചിട്ടില്ലെന്നും വാർഡു കമ്മിറ്റിയോഗങ്ങൾ നടന്നിട്ടില്ലായെന്നും മറുപടി നൽകിയിട്ടുണ്ട്.

ജി.ഒ.(എം.എസ്)നമ്പർ.112/2014തസ്വഭവ തീയതി 25.06.2014 അടിസ്ഥാനമാക്കി വാർഡുകളിൽ ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് പഞ്ചായത്തുകൾ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമസഭാ ഓഫീസ് ആയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ജനകീയ സമിതികളുടെയും കേന്ദ്രമായിട്ടും വാർഡിലെ വികസന-സേവന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ഒരു എക്സ്റ്റൻഷൻ കേന്ദ്രമായും വാർഡ് സഭാകേന്ദ്രങ്ങൾ പ്രവർത്തിക്കേണ്ടതാണ്. അതിനുള്ള സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-13 അംഗൻവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് അടിയന്തര ശ്രദ്ധ അനിവാര്യം.

ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിൽ 32 അംഗൻവാടികൾ പ്രവർത്തിക്കുന്നു. ഇതിൽ 18 അംഗൻവാടികൾ സ്വന്തം കെട്ടിടങ്ങളിലും ബാക്കി 14 എണ്ണം വാടക കെട്ടിടങ്ങളിലുമാണ് പ്രവർത്തിക്കുന്നത്. അംഗൻവാടികളുടെ സ്ഥലസൗകര്യങ്ങൾ വിലയിരുത്താനായി 3.12.2016 തീയതിയിൽ അംഗൻവാടി നമ്പർ 40 (പുതുക്കരി വാർഡ്) , അംഗൻവാടി നമ്പർ 41 (തെക്കേ അരയത്തുരുത്തി വാർഡ് ) , അംഗൻവാടി നമ്പർ 32 (ആനത്തലവട്ടം വാർഡ്) എന്നിവയിൽ ഓഡിറ്റ് വിഭാഗം പ്രാദേശിക പരിശോധന നടത്തി. ആനത്തലവട്ടം വാർഡിൽ സ്ഥിതി ചെയ്യുന്ന അംഗൻവാടി നമ്പർ 32 നിലവിൽ ചോർച്ചയുള്ള കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന അംഗൻവാടി കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ വാർഷികാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനും സ്വന്തമായ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും അംഗൻവാടികളെ ശിശു സൗഹൃദ കേന്ദ്രങ്ങളാക്കുന്നതിനും ഭരണ സമിതി പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്.

## 3-14 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- അവലോകനം

2005ൽ നിലവിൽ വന്ന ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഗ്രാമീണ മേഖലയുടെ സാമ്പത്തിക സുസ്ഥിരതയേയും സാമൂഹ്യ ശാക്തീകരണത്തേയും ഊട്ടിയുറപ്പിക്കുന്നതിനുള്ള ഒരു നവീനമായ ചുവടുവെയ്പാണ്. ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ അവിദഗ്ധ തൊഴിലാളികൾ ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്നതാണ് പദ്ധതിയുടെ പ്രഥമ ലക്ഷ്യം. ആസ്തികളുടെ രൂപീകരണം, ഗ്രാമീണ ദരിദ്രരുടെ ജീവനോപാധികൾ ശക്തിപ്പെടുത്തൽ എന്നിവയാണ് സ്കീമിന്റെ പ്രധാന ലക്ഷ്യങ്ങൾ.

എ) 2013 -14 ,2014 -`15 , 2015 -16 എന്നീ സാമ്പത്തിക വർഷങ്ങളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ

തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ :

| | | സാമ്പത്തിക വർഷം | | |
|---|---|---|---|---|
| ക്രമ നം. | സൂചകങ്ങൾ | 2013-14 | 2014-15 | 2015-16 |
| 1 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 2385 | 2574 | 2595 |
| 2 | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2369 | 2574 | 2595 |
| 3 | തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 304 | 121 | 141 |
| 4 | തൻവർഷത്തെ ആകെ അടങ്കൽ | 76300000 | 36227000 | 45134000 |
| 5 | തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം | 162 | 94 | 82 |
| 6 | തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 162 | 94 | 82 |
| 7 | സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം, മെറ്റീരിയൽസിന്റെ ചെലവ് | 26309967 | 27377032 | 23326329 |
| 8 | തൻവർഷത്തെ വരവ്<br>(മുന്നിരിപ്പ്, അഡ്മിൻ ഉൾപ്പെടെ) | 8011270 | 29631963 | 15698810 |
| 9 | തൻവർഷത്തെ ചെലവ്<br>(അഡ്മിൻ ഉൾപ്പെടെ) | 8006009 | 29590592 | 15697291 |
| 10 | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 1583 | 1663 | 1627 |
| 11 | തൻവർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1583 | 1663 | 1627 |
| 12 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1227 | 521 | 343 |

ബി) നടപ്പിലാക്കിയ പ്രവൃത്തികൾ

| ക്രമ നം. | പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം | 2013-14 | | 2014-15 | | 2015 -16 | |
|---|---|---|---|---|---|---|---|
| | | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക |
| 1 | മണ്ണ്-ജല സംരക്ഷണം | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 2 | വരൾച്ച തടയൽ, വനവത്കരണം | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 3 | ചെറുകിട ജലസേചനം | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 4 | പട്ടികജാതി-പട്ടിക | 6 | 979304 | 21 | 3916017 | 27 | 6458468 |

| | | | | | | | |
|---|---|---|---|---|---|---|---|
| | വർഗ്ഗക്കാർ തുടങ്ങിയവരുടെ ഭൂമിയിൽജല സംരക്ഷണം, ഭൂവികസനം | | | | | | |
| 5 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 1 | 274716 |
| 6 | ഭൂവികസനം | 156 | 25330663 | 73 | 23461015 | 54 | 16593145 |
| 7 | വെള്ളപ്പൊക്ക നിയന്ത്രണ നിവാരണ പ്രവർത്തനങ്ങൾ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

ഭൂവികസനം,പട്ടികജാതി-പട്ടിക വർഗ്ഗക്കാർ തുടങ്ങിയവരുടെ ഭൂമിയിൽ ജല സംരക്ഷണം ഭൂവികസനം, പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം എന്നീ മൂന്നു വിഭാഗങ്ങളിലാണ് തൻ വർഷം 82പദ്ധതികൾ നിർവഹണം നടത്തിയത്. മണ്ണ് -ജല സംരക്ഷണം, വരൾച്ച തടയൽ, വനവൽക്കരണം, ചെറുകിട ജലസേചനം തുടങ്ങിയ വിഭാഗങ്ങളിൽ പദ്ധതി രൂപീകരിക്കുകയോ നടപ്പിലാക്കുകയോ ചെയ്തിട്ടില്ല.

മണ്ണ്-ജലസംരക്ഷണം,വരൾച്ച തടയൽ, വനവത്കരണം, ചെറുകിട ജലസേചനം, പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം, വെള്ളപ്പൊക്ക നിയന്ത്രണ നിവാരണ പ്രവർത്തനങ്ങൾ എന്നിവയാണ് ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന പദ്ധതികളുടെ മുൻഗണനാ ക്രമം. ഈ മാർഗ്ഗനിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി കൊണ്ട് പദ്ധതി രൂപീകരണം, നിർവ്വഹണം എന്നിവയിൽ ഗ്രാമ പഞ്ചായത്തിന്റെ സാമ്പത്തികവും ഭൂമിശാസ്ത്രപരവുമായ ഘടനയും പ്രാധാന്യവും ഉൾക്കൊണ്ടു വിവിധ വിഭാഗങ്ങളിലായി പദ്ധതികൾ രൂപീകരിക്കുകയും നടപ്പിൽ വരുത്തേണ്ടതുമാണ്.

## 3-15 മത്സ്യ തൊഴിലാളികൾക്ക് റിവോൾവിംഗ് ഫണ്ട് - ഉദ്ദേശ്യ ലക്ഷ്യങ്ങൾ പൂർണ്ണതയിലെത്തുന്നില്ല

പതിമൂന്നാം ധനകാര്യ കമ്മീഷനിൽ നിന്ന് ലഭ്യമായ 300000/-രൂപ SO37/16 ാം നമ്പർ പ്രോജക്ട് പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥനായ ഫിഷറീസ് ഇൻസ്പെക്ടർ 100 മത്സ്യ തൊഴിലാളികൾക്ക് നൽകുന്നതിനായി നാലു സഹകരണ സംഘങ്ങൾക്ക് കൈമാറിയിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | ചിറയിൻകീഴ് ഉൾനാടൻ മത്സ്യ തൊഴിലാളി ക്ഷേമ വികസന സഹകരണ സംഘം | 33,000 |
| 2 | പൂത്തുറ മത്സ്യ തൊഴിലാളി ക്ഷേമ വികസന സഹകരണ സംഘം | 189,000 |
| 3 | മര്യനാട് -പെരുമാതുറ മത്സ്യ തൊഴിലാളി ക്ഷേമ വികസന സഹകരണ സംഘം | 57,000 |
| 4 | താഴംപള്ളി - അഞ്ചുതെങ്ങ് മത്സ്യ തൊഴിലാളി സഹകരണ സംഘം | 21,000 |

സർക്കാർ മാനദണ്ഡ പ്രകാരം ഫണ്ട് ലഭിച്ച ഗുണഭോക്താക്കളിൽ നിന്നും മാസം 300 രൂപ ക്രമത്തിൽ തിരികെ ലഭ്യമാക്കി 10 മാസം കഴിയുമ്പോൾ പദ്ധതി ആനുകൂല്യം ആവശ്യമായ സംഘാംഗങ്ങൾക്ക് തൊഴിൽ വർദ്ധനവിനായി നൽകേണ്ടതുണ്ട്. ഫണ്ടിന്റെ തിരിച്ചടവും ഗുണഭോക്താക്കൾ നടത്തിയ മത്സ്യ വിപണന വിവരങ്ങളും ലഭ്യമാക്കാത്തതിനാൽ ഓഡിറ്റ് അന്വേഷണം 33 നൽകിയിട്ടുള്ളതാണ്. മറുപടിയിൽ തിരിച്ചടവ്

മോണിറ്റർ ചെയ്യുന്നഫിഷറീസ് ഡെവലപ്മെന്റ് ഓഫീസർ നിരന്തരമായി ഇടപെടലുകൾ നടത്തിയിട്ടും തിരിച്ചടവ് സാധ്യമാകുന്നില്ലായെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ സഹകരണ സംഘങ്ങളുമായുള്ള കരാറുകൾ കുറ്റമറ്റ രീതിയിൽ തയ്യാറാക്കുകയും കരാറിലെ വ്യവസ്ഥകൾ പാലിക്കുന്നതിലെ വീഴ്ചകൾ പരിശോധിക്കുവാൻ ഭരണ സമിതിയും നിർവ്വഹണോദ്യോഗസ്ഥരും തയ്യാറാവേണ്ടതാണ്.

## 3-16 പഞ്ചായത്ത് ഓഫീസിനായി പുതിയ കെട്ടിടം - ഉദ്ഘാടനം നടത്തിയിട്ടും പ്രവർത്തന സജ്ജമാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിന്റെ നിലവിലുള്ള ഓഫീസ് കെട്ടിടം ഇന്ത്യൻ റെയിൽവേ വികസനത്തിന്റെ ഭാഗമായി ഭാഗികമായി നഷ്ടപ്പെടുമെന്ന അവസ്ഥ നില നിൽക്കുന്നതിനാലാണ് 2012-13 സാമ്പത്തിക വർഷത്തിൽ പുതിയ ഓഫീസ് കെട്ടിടം എന്ന പദ്ധതി തയ്യാറാക്കുന്നത്. 22.08.2015 തീയതിയിൽ ഉദ്ഘാടനം കഴിഞ്ഞ പുതിയ ഓഫീസ് കെട്ടിടം നാളിതു വരെയും പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല.


ഓഫീസ് ഇലക്ട്രിഫിക്കേഷനും ഫർണീഷിംഗും ബാക്കി നിൽക്കേയാണ് ഉദ്ഘാടനം നടത്തിയിട്ടുള്ളത്. ഒരു വർഷം പിന്നിട്ടിട്ടും ഫർണീഷിംഗും ഇലക്ട്രിഫിക്കേഷനും പൂർത്തീയാക്കാത്തതിനാൽ ഓഫീസ് പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല.

നിലവിലുള്ള ഓഫീസ് ഫർണ്ണിച്ചറുകൾ പരമാവധി ഉപയോഗിച്ചു കൊണ്ടുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ഓഫീസ് ഫർണീഷിംഗ് നടത്തുന്നതിനും ലോക ബാങ്ക് സഹായത്തോടെ നടപ്പാക്കിയ പഞ്ചായത്തിന്റെ പുതിയ ഓഫീസ് കെട്ടിടം ഉടനടി പ്രവർത്തന സജ്ജമാക്കുന്നതിനും ഭരണ സമിതി പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്.

## 3-17 നികുതി- നികുതിയേതര വരവ്; വിഷയാധിഷ്ഠിത അവലോകനം

2015-16 സാമ്പത്തിക വർഷം ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ തനതു നികുതി - നികുതിയേതര വരവിനങ്ങളായ തൊഴിൽ നികുതി, ഡി & ഒ ലൈസൻസ്, ഷോപ്പിംഗ് കോംപ്ലക്സ് വാടക, ലേലം, കെട്ടിട നികുതി, പെർമിറ്റ് ഫീ, പരസ്യ നികുതി, വിനോദ നികുതി എന്നിവയുടെ നികുതി ഈടാക്കൽ, സമാഹരണം, കുടിശ്ശിക എന്നീ ഇനങ്ങളുടെ പുരോഗതി/ ശോഷണം ഓഡിറ്റ് വിലയിരുത്തി. വിവിധ സാമ്പത്തിക വർഷങ്ങളിലെ തനത് നികുതി-നികതിയേതര വരുമാനത്തിന്റെ പൊതു അവലോകനം, നികുതി-നികുതിയേതര വരുമാന വർദ്ധനവിന് അവലംബിക്കേണ്ട നടപടികൾ സംബന്ധിച്ച ഓഡിറ്റ് നിർദ്ദേശങ്ങൾ എന്നിവയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

വിവിധ സാമ്പത്തിക വർഷങ്ങളിലെ തനത് വരവ് സമാഹരണം



(1) തൊഴിൽ നികുതി

| വർഷം | വ്യക്തിഗത തൊഴിൽ നികുതി | സ്ഥാപന തൊഴിൽ നികുതി | ആകെ |
|---|---|---|---|
| 2011-12 | 1615410 | 227280 | 1842690 |
| 2012-13 | 1648810 | 326049 | 1974859 |
| 2013-14 | 1726687 | 273557 | 2000244 |
| 2014-15 | 1906182 | 354116 | 2260298 |
| 2015-16 | 2169050 | 366050 | 2535100 |

(i) രജിസ്റ്ററുകളുടെ പരിപാലനം

നികുതി നിർണ്ണയം, സമാഹരണം, കുടിശ്ശിക എന്നിവയുടെ വിശദാംശങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല. തൊഴിൽ നികുതി രജിസ്റ്ററുകൾ കാലികമാക്കിസൂക്ഷിക്കുന്നില്ല. രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്. രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ നികുതി കൃത്യമായി ഈടാക്കിയതായി കാണുന്നില്ല.

(ii) കുടിശ്ശിക തുക

തൊഴിൽ നികുതി സ്റ്റേറ്റ്മെന്റ് (2014-15) പൂർണ്ണമായും ഓഡിറ്റിന് സമർപ്പിക്കാത്തതിനാൽ ഈടാക്കാനവശേഷിക്കുന്ന തുക നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

(iii) തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള ഡിമാന്റ് നോട്ടീസ്

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതിയോ ജീവനക്കാരുടെ അർദ്ധവാർഷിക തൊഴിൽ നികുതിയോ കൃത്യമായി ഈടാക്കുന്നില്ല. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും, വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് യഥാസമയം ഡിമാന്റ് നോട്ടീസ് നൽകുന്നില്ല.

(iv) കരാറുകാരൻ, പ്രൊഫഷണൽസ് എന്നിവരുടെ തൊഴിൽ നികുതി

അഭിഭാഷകർ, സ്വകാര്യ പ്രാക്ടീസ് ചെയ്യുന്ന ഡോക്ടർമാർ, കരാറുകാർ, എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. സ്വകാര്യ വാഹന ഉടമകളിൽ നിന്നും നികുതി ഈടാക്കിയിട്ടില്ല. പഞ്ചായത്തിന്റെ പരിധിയിൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ, റേഷൻ കടകൾ എന്നിവ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

(2) ഷോപ്പിംഗ് കോംപ്ലക്സ്

| ഷോപ്പിംഗ് കോംപ്ലക്സ് സ്ഥിതി ചെയ്യുന്ന സ്ഥലം | നിലവിലെ സ്ഥിതി | കടമുറികളുടെ ആകെ എണ്ണം |
|---|---|---|
| ലക്ഷ്മിപുരം (വലിയക്കട) | കടമുറികൾ വാടകയ്ക്ക് നൽകി | 11 |
| പാർവ്വതീപുരം (പണ്ടകശാല) | കടമുറികൾ വാടകയ്ക്ക് നൽകി | 6 |

(i) വരവിനത്തിൽ ലഭിച്ച തുക

| വർഷം | കടമുറികൾ | ലേലം ചെയ്തവ | ലേലം ചെയ്യാത്തവ | വാടകയിനത്തിലെ വരവ് |
|---|---|---|---|---|
| 2011-12 | 32 | 18 | 14 | 453444 |
| 2012-13 | 32 | 18 | 14 | 498145 |
| 2013-14 | 32 | 18 | 14 | 329715 |
| 2014-15 | 32 | 18 | 14 | 468778 |
| 2015-16 | 17 | 17 | 0 | 401990 |

(ii) ഷോപ്പിംഗ് കോംപ്ലക്സ് വാടക കുടിശ്ശിക

വാടക കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു.

(iii) വാടക പിരിവ്

വാടക കൃത്യമായി ഈടാക്കുന്നില്ല. വാടക കുടിശ്ശിക വരുത്തുന്നവർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നില്ല.

(iv) കരാർ പുതുക്കൽ

വാടക കരാറുകൾ യഥാസമയം പുതുക്കുന്ന രേഖകൾ കൃത്യമായി പരിപാലിക്കുന്നില്ല.

(v) വാടക വർദ്ധനവ്

പ്രതിവർഷം 5% വാടക വർദ്ധനവ് വരുത്തുന്നുണ്ട്.

(vi) കടമുറികൾ വാടകയ്ക്ക് നൽകൽ

2015-16 സാമ്പത്തിക വർഷം 17 കട മുറികൾ വാടകയ്ക്ക് നൽകി.

(vii) ഷോപ്പിംഗ് കോംപ്ലക്സ് പുനരുദ്ധാരണം

ഷോപ്പിംഗ് കോപ്ലക്സ് പുനരുദ്ധാരണത്തിന് പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനോ നടപ്പിലാക്കുന്നതിനോ പഞ്ചായത്ത് നടപടികൾ സ്വീകരിക്കുന്നില്ല. 2015-16 കാലയളവിൽ ഷോപ്പിംഗ് കോംപ്ലക്സ് നവീകരണത്തിന് പദ്ധതി ആവഷ്ക്കരിച്ചെങ്കിലും തുക വിനിയോഗിച്ചിട്ടില്ല.

(3) മാർക്കറ്റ് ലേലം

| ക്രമ നം. | മാർക്കറ്റ് സ്ഥിതി ചെയ്യുന്ന സ്ഥലം | വിസ്തൃതി |
|---|---|---|
| 1 | ലക്ഷ്മിപുരം (വലിയക്കട) | 320 $m^2$ |
| 2 | പാർവ്വതീപുരം (പണ്ടകശാല) | 66.6 $m^2$ |

(i) മാർക്കറ്റിൽ നിന്നുള്ള വരവ്

| വർഷം | വരവ് |
|---|---|
| 2011-12 | 270983 |
| 2012-13 | 801913 |
| 2013-14 | 951756 |
| 2014-15 | 468778 |
| 2015-16 | 1323500 |

(ii) സ്വകാര്യ മാർക്കറ്റുകൾ

പഞ്ചായത്ത് പരിധിയിൽ സ്വകാര്യ മാർക്കറ്റുകൾ പ്രവർത്തിക്കുന്നില്ല.

(iii) ലേല ഡയറി, സോൾവൻസി, ഇ.എം.ഡി. പരിപാലനം

ലേല ഡയറി, ഇ.എം.ഡി. മുതലായവ സൂക്ഷിച്ചിട്ടുണ്ട്. സോൾവൻസി സൂക്ഷിച്ചിട്ടില്ല.

(iv) വരവ് തുക ഒടുക്കൽ

വരവ് തുക യഥാസമയം ഒടുക്ക് വരുത്തുന്നുണ്ട്.

(v) പിഴപ്പലിശ ഈടാക്കൽ


പിഴപ്പലിശ ഈടാക്കുന്നുണ്ട്.

(vi) വരവ് സംബന്ധിച്ച ഫയലുകൾ, രജിസ്റ്ററുകൾ എന്നിവയുടെ പരിപാലനം

ബന്ധപ്പെട്ട ഫയലുകളുടെ രജിസ്റ്ററും കൃത്യമായി പരിപാലിക്കുന്നുണ്ട്.

(4) ഡി & ഒ ലൈസൻസ്

(i) ഡി & ഒ ലൈസൻസ് ഇനത്തിൽ ഈടാക്കിയ തുക



| സാമ്പത്തിക വർഷം | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 |
|---|---|---|---|---|---|
| സമാഹരിച്ച തുക | 168433 | 84912 | 129580 | 185260 | 127355 |

(എ) അപേക്ഷകൾ തീർപ്പ കൽപ്പിക്കൽ

ലൈസൻസിനായുള്ള അപേക്ഷകൾ സമയപരിധി പാലിച്ച് തീർപ്പ് കൽപ്പിക്കുന്നു

(vi) ട്രേഡേഴ്സ് രജിസ്റ്റർ

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ സംബന്ധിക്കുന്ന ട്രേഡേഴ്സ് രജിസ്റ്റർ പരിപാലിക്കുന്നില്ല.

(5) കെട്ടിട നിർമ്മാണ പെർമിറ്റ്

(i) കെട്ടിട നിർമ്മാണ പെർമിറ്റ് ഫീ ഇനത്തിൽ ഈടാക്കിയ തുക

| വർഷം | വരവ് തുക |
|---|---|
| 2011-12 | 98888 |
| 2012-13 | 105434 |
| 2013-14 | 119779 |
| 2014-15 | 124950 |
| 2015-16 | 106814 |

(ii) അപേക്ഷകൾക്ക് തീർപ്പ് കൽപ്പിക്കൽ

പെർമിറ്റ് സംബന്ധമായ അപേക്ഷകൾക്ക് യഥാസമയം തീർപ്പ് കൽക്കുന്നുണ്ട്.

(iii) അനധികൃത നിർമ്മാണം


പെർമിറ്റ് നേടാതെ അനധികൃതമായി നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ലഭ്യമല്ല.

(iv) റഗുലറൈസേഷൻ

പ്രത്യേക രജിസ്റ്റർ പരിപാലിക്കുന്നില്ല.

(6) കെട്ടിട നികുതി

(i) കെട്ടിട നികുതിയിനത്തിൽ ഈടാക്കിയ തുക



| സാമ്പത്തിക വർഷം | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 |
|---|---|---|---|---|---|
| സമാഹരിച്ച തുക | 1632242 | 1432706 | 1826178 | 2712673 | 2172870 |

(ii) മൊബൈൽ ടവറുകളുടെ വസ്തു നികുതി

മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല.

(iii) കെട്ടിട നികുതി വർദ്ധനവ്

നികുതി വർദ്ധനവ് പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്.

(iv) വർദ്ധിപ്പിച്ച നികുതി ഈടാക്കൽ

നികുതി വർദ്ധനവ് അടിസ്ഥാനമാക്കി തുക ഈടാക്കിയിട്ടുണ്ട്.

(7) വിനോദ നികുതി

| സാമ്പത്തിക വർഷം | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 |
|---|---|---|---|---|---|
| സമാഹരിച്ച തുക | 15710 | 104013 | 55885 | 53108 | 9442 |

(8) പരസ്യ നികുതി

| സാമ്പത്തിക വർഷം | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 |
|---|---|---|---|---|---|
| സമാഹരിച്ച തുക | ഇല്ല | 15555 | 9500 | 9388 | 19500 |

(9) ഹാൾ , ഓഡിറ്റോറിയം എന്നിവയിലെ വരവ്

| സാമ്പത്തിക വർഷം | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 |
|---|---|---|---|---|---|
| സമാഹരിച്ച തുക | 6500 | 30000 | 32000 | 39000 | 27000 |

ഓഡിറ്റ് നിർദ്ദേശങ്ങൾ

(i) തൊഴിൽ നികുതി രജിസ്റ്ററുകൾ കാലികമാക്കേണ്ടതും നികുതി പത്രിക നൽകുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനത്തിൽ വീട്ടുവാടക ബത്ത ഒഴികെ എല്ലാ വരവും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

(ii) ട്രേഡേഴ്സ് രജിസ്റ്റർ അടിയന്തിരമായി തയ്യാറാക്കേണ്ടതും കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്. ലൈസൻസ് എടുക്കാതെ മേഖലയിൽ പ്രവർത്തിക്കുന്നസ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്.

(iii) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

(iv) മൊബൈൽ ടവറുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും സർക്കാർ നിർദ്ദേശം അനുസരിച്ചിട്ടുള്ള വാടക ഈടാക്കേണ്ടതാണ്.

(v) ക്യാമ്പ് കളക്ഷൻ നടത്തിയും ഔട്ട്ഡോർ കളക്ഷൻ കാര്യക്ഷമമാക്കിയും പഞ്ചായത്തിന് പിരിഞ്ഞ് കിട്ടേണ്ട വസ്തു നികുതി കാലഹരണപ്പെട്ടു പോകാതെ പിരിച്ചെടുത്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

(vi) ഡി & ഒ ലൈസൻസ് അനുവദിക്കുന്നതിൽ നിലവിലുള്ള സർക്കാർ മാനദണ്ഡങ്ങൾപാലിക്കുക, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന തടിമില്ലുകൾ, ഫ്ലോർ മില്ലുകൾ, ഹോളോബ്രിക്സ് യൂണിറ്റുകൾ, പൗൾട്രി ഫാമുകൾ, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ലോഡ്ജുകൾ എന്നിവയ്ക്ക് ലൈസൻസ് നൽകുമ്പോൾ അപേക്ഷയോടൊപ്പം നിയമപരമായി സമർപ്പിക്കേണ്ട സർട്ടിഫിക്കറ്റുകൾ ഉണ്ടെന്ന് ഉറപ്പ് വരുത്തുക.

(vii) പഞ്ചായത്തിന്റെ ഉടമസ്ഥയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ നവീകരണത്തിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ, മറ്റ് ആസ്തികളെ കാര്യക്ഷമമായി പരിപാലിക്കുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

(viii) വാടക തുക കാലാനുസൃതമായി പരിഷ്കാരിക്കേണ്ടതും നിലവിലെ കുടിശ്ശിക തുക തിരികെ ഈടാക്കുന്നതിന് അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.ഡബ്ല്യ.എ. | ആനത്തലവട്ടം യു.പി.എസ് വാട്ടർ കണക്ഷൻ | 414191 | 35643 | 35643 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാം അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| മിത്രം ഭവന പദ്ധതി | | 28000000 | 18800000 | 3100000 | 2000000 | 15700000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം , ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2005-06<br>3-5 | 2009-10<br>3.1(ii) | ഖരമാലിന്യ നിർമ്മാർജ്ജനം പദ്ധതി നടപ്പിലായില്ല | ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 77605298.87 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 91960555.87 |
| വരവിനങ്ങളിലുള്ള നഷ്ടം | 176981 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 102083 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5428500 |

*ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2.2 | 36981 | | ശ്രീ. സുഭാഷ് ചന്ദ്രൻ, സെക്രട്ടറി |
| 2.3 | 125000 | | ടി |
| 2.6 | 15000 | | ടി |
| 3.1 | | 44000 | ശ്രീ. സുഭാഷ് ചന്ദ്രൻ, സെക്രട്ടറി |
| 3.3 | | 49925 | സെക്രട്ടറി |
| 3.9 | | 21218 | ശ്രീമതി റീന .ഒ.റ്റി., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3.10 | | 2563 | ടി |
| 3.11 | | 9427 | ടി |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.1 | 528000 | ശ്രീ. സുഭാഷ് ചന്ദ്രൻ, സെക്രട്ടറി |
| 3.5 | 4856500 | ശ്രീ. ബിനു പ്രസാദ്, വി.ഇ.ഒ. |
| | | |

(സി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരംമേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി റീന ഒ.റ്റി, അസിസ്റ്റന്റ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി.) | ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് | ക്വാർട്ടേഴ്സ് നം. 140, സെക്ടർ ബി, ടൈപ്പ് (II)ന്യൂ. ജി.സി., സി. ആർ.പി.എഫ്. പള്ളിപ്പുറം തിരുവനന്തപുരം |
| ശ്രീ. റ്റി. രാധാകൃഷ്ണൻ, സെക്രട്ടറി | പെൻഷണർ | ദേവാലയം, ചിറ്റയം, പനയം (പി.ഒ.) കൊല്ലം |
| ശ്രീ. സുബാഷ് ചന്ദ്രൻ, സെക്രട്ടറി | പെൻഷണർ | സാമന്തം, ശിവ നഗർ, ചിറയിൻകീഴ് (പി.ഒ.) |

# 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽഎഫ്.റ്റി.ഡി.ജി.പി.6(ഡി)752/98 തീയതി 15.7.2014 | 34,46,50,51,52 നിലനിൽക്കുന്നു. മറ്റുള്ളവ ഒഴിവാക്കി |
| 1997-98 | എൽഎഫ്.റ്റിഡി.ജി.പി.6(ഡി)752/98 തീയതി 15.7.2014 | പരാമർശങ്ങൾ നിലനിൽക്കുന്നു. |
| 1998-99 | എൽഎഫ്.റ്റിഡി.ജി.പി.6(ഡി)752/98 തീയതി 15.7.2014 | ഖ.1 ഒഴിവാക്കി മറ്റുള്ളവ നിലനിൽക്കുന്നു. |
| 1999-00 | എൽഎഫ്.റ്റിഡി.ജി.പി.6(ഡി) 752/98 തീയതി 15.7.2014 | 36, 40, 41, 33 ഒഴിവാക്കി മറ്റുള്ളവ നിലനിൽക്കുന്നു. |

| | | |
|---|---|---|
| 2000-01 | എൽഎഫ്.റ്റിഡി.ജി.പി.6(ഡി)752/98 തീയതി 15.7.2014 | 1,12,15,16,17,20,21,24,28,29(2),29(4),30(1), 33 ഒഴിവാക്കി മറ്റുള്ളവ നിലനിൽക്കുന്നു. |
| 2001-02 | എൽഎഫ്.റ്റിഡി.ജി.പി.6(ഡി) 752/98 തീയതി 15.7.2014 | 2(1),2(2), 2(3), 2(4), 2(5), 2(6), 2(8), 2(10), 2(11),3(9), 3(10), 3(15) ഒഴിവാക്കി മറ്റുള്ളവ നിലനിൽക്കുന്നു. |
| 2002-03 | എൽഎഫ്.റ്റിഡി.ജി.പി.6(ഡി)1006/05 തീയതി 15.7.2014 | 2(1)എ, 2(2) ,2(3), 2(5), 2(6), 2(8) ഡി, ഇ, എഫ്, ജി ഒഴിവാക്കി മറ്റുള്ളവ നിലനിൽക്കുന്നു. |
| 2005-06 | എൽഎഫ്.റ്റിഡി.ജി.പി.6(ഡി)1262/09 തീയതി 3.5.2010 | പരാമർശങ്ങൾ നിലനിൽക്കുന്നു. |
| 2006-07 | എൽഎഫ്.റ്റിഡി.ജി.പി.6(ഡി)885/10 തീയതി 3.5.2010 | പരാമർശങ്ങൾ നിലനിൽക്കുന്നു. |
| 2007-08 | എൽഎഫ്.റ്റിഡി.ജി.പി.6(ഡി) 14/10 തീയതി 31.1.2011 | പരാമർശങ്ങൾ നിലനിൽക്കുന്നു. |
| 2008-09 | എൽഎഫ്.റ്റിഡി.ജി.പി.6(ഡി)2144/12 തീയതി 6.11.2013 | പരാമർശങ്ങൾ നിലനിൽക്കുന്നു. |
| 2009-10 | എൽഎഫ്.റ്റിഡി.ജി.പി.6(ഡി)2145/12 4.11.2013 | പരാമർശങ്ങൾ നിലനിൽക്കുന്നു. |
| 2010-11 | എൽഎഫ്.റ്റിഡി.ജി.പി.6(ഡി)275/13 തീ 6.2.14 | പരാമർശങ്ങൾ നിലനിൽക്കുന്നു. |
| 2011-12 | എൽഎഫ്.റ്റിഡി.ജി.പി.8/1550/13 തീ 12.11.2013 | പരാമർശങ്ങൾ നിലനിൽക്കുന്നു. |
| 2012-13 | എൽഎഫ്.റ്റിഡി.ജി.പി.8/1927/14 തീയതി 17.4.2015 | പരാമർശങ്ങൾ നിലനിൽക്കുന്നു. |
| 2013-14 | കെ.എസ്.എ.റ്റി.വി.എം./ജി.പി.8/1367/15 തീയതി 17.10.2015 | പരാമർശങ്ങൾ നിലനിൽക്കുന്നു. |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1399/2016 തീയതി 3.8.2016 | പരാമർശങ്ങൾ നിലനിൽക്കുന്നു. |

മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4), 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215 ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന ചുവടെ ചേർക്കുന്നവ ഒഴികെ എന്റെ അഭിപ്രായത്തിൽ ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു

ന്യൂനതകളുടെ സംഗ്രഹം

1. ക്രയശോഷണം കണക്കാക്കിയുള്ള ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.
2. സ്റ്റോക്ക് രജിസ്റ്റർ മൂല്യാധിഷ്ഠിതമായി കണക്കാക്കി സൂക്ഷിച്ചിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്